പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2018-ലെ കേരള ധനകാര്യ ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

Published on 19-03-18

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2018-ലെ കേരള ധനകാര്യ ബിൽ

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 125

# 2018-ലെ കേരള ധനകാര്യ ബിൽ

## 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2018-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ, ഇത് 2018 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

2. 1077-ലെ 1-ാം ആക്റ്റിന്റെ ഭേദഗതി.—1077-ലെ അബ്കാരി ആക്റ്റിൽ, (1077-ലെ 1),—

(1) 3-ാം വകുപ്പിൽ, (13)-ാം ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(13എ) "വിദേശ നിർമ്മിത വിദേശ മദ്യം" എന്നാൽ വിദേശത്ത് ഉൽപ്പാദിപ്പിച്ചതോ നിർമ്മിച്ചതോ അല്ലെങ്കിൽ കൂട്ടിക്കലർത്തിയതോ മിശ്രിതമാക്കിയതോ കുപ്പിയിൽ നിറച്ചതോ കര മാർഗ്ഗമോ വായു മാർഗ്ഗമോ കടൽ മാർഗ്ഗമോ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതായ ഏതെങ്കിലും മദ്യം എന്നർത്ഥമാകുന്നു;

540/2018.

(13ബി) "ഇന്ത്യൻ നിർമ്മിത വിദേശ മദ്യം" എന്നാൽ വിദേശ നിർമ്മിത വിദേശ മദ്യം ഒഴികെയുള്ള ഏതെങ്കിലും വിദേശ മദ്യം എന്നർത്ഥമാകുന്നു.".

(2) 18-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ,—

(i) (1)-ാം ഇനത്തിൽ, "മദ്യത്തിൻമേലുള്ള എക്സൈസ് ഡ്യൂട്ടി (ഇന്ത്യൻ നിർമ്മിതം)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിൻമേലുള്ള എക്സൈസ് ഡ്യൂട്ടി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) പട്ടികയിൽ, (1)-ാം ഇനത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പിനും ശേഷം താഴെപ്പറയുന്ന ഇനവും ഉൾക്കുറിപ്പും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(iഎ) വിദേശ നിർമ്മിത വിദേശ മദ്യത്തിൻമേൽ എക്സൈസ് ഡ്യൂട്ടി സ്പെഷ്യൽ ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ. | ഓരോ പ്രൂഫ് ലിറ്ററിനും നൂറ് രൂപ". |

(ബി) (4)-ാം ഉപവകുപ്പിൽ,—

(i) "വിദേശ മദ്യം (ഇന്ത്യൻ നിർമ്മിതം)" എന്ന വാക്കുകളും ബ്രാക്കറ്റുകളും എവിടെയൊക്കെ വരുന്നുവോ അവിടെയെല്ലാം "ഇന്ത്യൻ നിർമ്മിത വിദേശ മദ്യം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) "വിദേശ മദ്യം (വിദേശ നിർമ്മിതം)" എന്ന വാക്കുകളും ബ്രാക്കറ്റുകളും എവിടെയൊക്കെ വരുന്നുവോ അവിടെയെല്ലാം "വിദേശ നിർമ്മിത വിദേശ മദ്യം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) നിലവിലുള്ള ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സർക്കാരിന്, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വില്പന നടത്തുകയോ വിളമ്പുകയോ ചെയ്യുന്ന ലൈസൻസികൾക്ക്, മുകളിൽ (സി) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് ചുമത്താതെതന്നെ വിദേശ നിർമ്മിത വിദേശ മദ്യം വിൽക്കുന്നതിനോ വിളമ്പുന്നതിനോ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ അനുവാദം നൽകാവുന്നതാണ്.";

(iv) വിശദീകരണം വിട്ടുകളയേണ്ടതാണ്.

3. 1957-ലെ 11-ാം ആക്റ്റിന്റെ ഭേദഗതി.—1957-ലെ കേരള നികുതികളിൻമേലുള്ള സർച്ചാർജ്ജ് ആക്റ്റിലെ (1957-ലെ 11), 3-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

4. 1959-ലെ 17-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17),—

(1) 2-ാം വകുപ്പിൽ, നിലവിലെ (എഫ്എഫ്) ഖണ്ഡം, (എഫ്എ) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്യപ്പെട്ട (എഫ്എ) ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

"(എഫ്ബി) "കുടുംബം" എന്നാൽ പിതാവ്, മാതാവ്, പിതാവിന്റെയോ മാതാവിന്റെയോ പിതാവ്, പിതാവിന്റെയോ മാതാവിന്റെയോ മാതാവ്, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നർത്ഥമാകുന്നു;

(എഫ്സി) അപ്പാർട്ട്മെന്റ് എന്നോ മറ്റ് ഏതെങ്കിലും പേരിലോ വിളിക്കപ്പെട്ടാലും "ഫ്ളാറ്റ്" എന്നാൽ താമസത്തിനായോ ഓഫീസായോ ഏതെങ്കിലും പ്രൊഫഷൻ പ്രാക്ടീസ് ചെയ്യുന്നതിനായോ ഏതെങ്കിലും തൊഴിൽ, കച്ചവടം അല്ലെങ്കിൽ വ്യാപാരം അല്ലെങ്കിൽ കരണത്തിൽ വിവരിക്കാവുന്ന പ്രകാരമുള്ള മറ്റ് സ്വതന്ത്ര ഉപയോഗം എന്നിവയ്ക്ക് ഉപയോഗിക്കുന്നതിനായി ഒരു ബഹുനില കെട്ടിടത്തിൽ ഒന്നോ അതിലധികമോ നിലകളിലോ, അതിന്റെ ഏതെങ്കിലും, ഭാഗത്തോ സ്ഥിതിചെയ്യുന്ന അടച്ചുപൂട്ടപ്പെട്ട സ്ഥലമോ, അതിന്റെ ഭാഗമോ ഉൾപ്പെടെ, സ്വതന്ത്രമായ ഉപയോഗത്തിന് ഉദ്ദേശിച്ചിട്ടുള്ളതും പൊതു തെരുവ്, റോഡ്, ഹൈവേ അല്ലെങ്കിൽ അപ്രകാരമുള്ള പൊതു തെരുവ്, റോഡ് അല്ലെങ്കിൽ ഹൈവേയിലേക്ക് നയിക്കുന്ന പൊതുപ്രദേശത്തേക്ക് നേരിട്ട് പ്രവേശന മാർഗ്ഗമുള്ളതും, ഭൂമി/പൊതു പ്രദേശങ്ങൾ/സൗകര്യങ്ങൾ എന്നിവയിലെ അവിഭക്ത അവകാശത്തോടുകൂടിയതുമായ ഏതെങ്കിലും വസ്തു അല്ലെങ്കിൽ അതിന്റെ ഭാഗം എന്നർത്ഥമാകുന്നതും അതിൽ, ഏതെങ്കിലും ഗ്യാരേജോ, അപ്രകാരമുള്ള ഫ്ളാറ്റിന്റെ ഉടമസ്ഥന്, ഏതെങ്കിലും വാഹനം പാർക്ക് ചെയ്യുന്നതിനായോ അല്ലെങ്കിൽ അപ്രകാരമുള്ള ഫ്ളാറ്റിൽ ജോലിക്കായി നിയോഗിച്ചിട്ടുള്ള ഏതെങ്കിലും സഹായിയുടെ താമസത്തിനായോ, ഉപയോഗിക്കുന്നതിനായി പ്രമോട്ടർ നൽകിയ മുറിയോ (അപ്രകാരമുള്ള ഫ്ളാറ്റ് സ്ഥിതിചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ സമീപത്തായാലും അല്ലെങ്കിലും) ഉൾപ്പെടുന്നതുമാകുന്നു;";

(2) 28ബി വകുപ്പിന് ശേഷം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"28സി. ഫ്ളാറ്റുകൾ/അപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം.—ഈ ആക്റ്റിലോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ എന്തുതന്നെയടങ്ങിയിരുന്നാലും *അഡ്‌വലോറം* ഡ്യൂട്ടി ചുമത്താവുന്ന ഫ്ളാറ്റ്/അപ്പാർട്ട്മെന്റ് ഒഴികെയുള്ള ഒരു കെട്ടിടം ഉൾപ്പെടെ ഭൂമി കൈമാറ്റം ചെയ്യപ്പെടുന്ന ഒരു കരണത്തിൽ, അതിലെ കെട്ടിടത്തിന്റെ മൂല്യം പൂർണ്ണമായും ശരിയായും വിവരിച്ചിരിക്കേണ്ടതും ഈ

ആവശ്യത്തിലേക്കായി കെട്ടിടത്തിന്റെ മൂല്യനിർണ്ണയം, 1961-ലെ ആദായ നികുതി ആക്റ്റിന്റെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 48-ാം വകുപ്പിന്റെ അടിസ്ഥാനത്തിലുള്ള കോസ്റ്റ് ഇൻഫ്ളേഷൻ ഇൻഡെക്സിന്റെ അടിസ്ഥാനത്തിൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം നിശ്ചയിക്കേണ്ടതുമാണ്.'';

(3) 45ബി വകുപ്പിൽ, (5)-ാം ഉപവകുപ്പിന് താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, അതതു സംഗതി പോലെ, (2)-ാം ഉപവകുപ്പോ (3)-ാം ഉപവകുപ്പോ പ്രകാരം നിർണ്ണയിച്ചിട്ടുള്ളതോ നൽകേണ്ടതോ ആയ കുറവുള്ള മുദ്രവിലയുടെ ഇരുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ ഒരു തുക, സങ്കടമനുഭവിക്കുന്ന കക്ഷി, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ വഴി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ നിക്ഷേപിക്കാത്തപക്ഷം യാതൊരു അപ്പീലും പരിഗണനയ്ക്കെടുക്കുവാൻ പാടുള്ളതല്ല.''

(4) പട്ടികയിൽ,—

(എ) ക്രമനമ്പർ 5-ൽ, (ഇ) ഖണ്ഡം (ജി) ഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതും അപ്രകാരം പുനരക്ഷരം ചെയ്ത (ജി) ഖണ്ഡത്തിന് മുൻപ് താഴെ പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതുമാണ്, അതായത്:—

| | |
|---|---|
| ''(ഇ) ഏതെങ്കിലും ഉൽപ്പന്നത്തിന്റെയോ പരിപാടിയുടെയോ പ്രോത്സാഹനത്തിനായി പൊതുമാധ്യമങ്ങളിൽ നടത്തുന്ന പരസ്യവുമായി ബന്ധപ്പെട്ടതോ ലാഭമോ കച്ചവടമോ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള ഒരു പരിപാടിയുമായോ, ഒരു പരിപാടിയോ ചലച്ചിത്രമോ സംപ്രേക്ഷണം ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ടുള്ളതോ ആണെങ്കിൽ; | ഓരോ കരാറിനും 500 രൂപ |
| (എഫ്) പൊതുപ്രവർത്തികളോ സർവ്വീസ് ലെവൽ കരാറുകളോ സംബന്ധിച്ചുള്ളതാണെങ്കിൽ | ഏറ്റവും കുറഞ്ഞത് 200 രൂപയ്ക്കും പരമാവധി ഒരു ലക്ഷം രൂപയ്ക്കും വിധേയമായി, കരാറിൽ സമ്മതിച്ച തുകയുടെ ഓരോ 1,000 രൂപയ്ക്കും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും ഒരു രൂപ''; |

(ബി) ക്രമനമ്പർ 6-ൽ, (2)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(3) (1)-ാം ഖണ്ഡത്തിലോ (2)-ാം ഖണ്ഡത്തിലോ വ്യക്തമാക്കിയിട്ടുള്ള ഏതെങ്കിലും കരണത്തിന്റെ ഒഴിമുറിയോ ഡിസ് ചാർജ്ജോ റദ്ദാക്കലോ | അങ്ങനെയുള്ള കരാറിന്, [അതതു സംഗതിപോലെ (1)-ാം ഖണ്ഡം അല്ലെങ്കിൽ (2)-ാം ഖണ്ഡം] ചുമത്താവുന്ന അതേ മുദ്ര വില. |

(സി) ക്രമനമ്പർ 31-നും, അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"31. ഇഷ്ടദാനം-ഒരു ധനനിശ്ചയാധാരമോ വിൽപ്പത്രമോ അല്ലെങ്കിൽ കൈമാറ്റാധാരമോ അല്ലാത്തത്,

| | |
|---|---|
| (എ) ഇഷ്ടദാനം കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയും അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെയോ മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയോ പേർക്കാവുമ്പോൾ | പരമാവധി 1,000 രൂപയ്ക്ക് വിധേയമായി ഭൂമിയുടെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1,000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | തീറാധാരത്തിനുള്ള അതേ മുദ്രവില (അതതു സംഗതി പോലെ നമ്പർ 21 അഥവാ നമ്പർ 22) |

(ഡി) ക്രമനമ്പർ 33-ൽ നിലവിലുള്ള വിശദീകരണം, വിശദീകരണം I ആയി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട വിശദീകരണം I-നുശേഷം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"*വിശദീകരണം* II.—പാട്ടച്ചാർത്തിൽ, പാട്ടത്തിന്റെ അവസാന ഗഡുവിലേക്കോ ഗഡുക്കളിലേക്കോ മുൻകൂർ ആയി നൽകിയ പാട്ടം തട്ടിക്കിഴിക്കുന്നതാണ് എന്ന്

പ്രത്യേകം വ്യവസ്ഥ ചെയ്യാത്തപക്ഷം, മുൻകൂർ ആയി നൽകിയിട്ടുള്ള പാട്ടം, ഈ ക്രമനമ്പറിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽപ്പെടുന്ന പ്രീമിയമായോ മുൻകൂർ ആയി നൽകിയ പണമായോ കരുതപ്പെടുന്നതാണ്.";

(ഇ) ക്രമനമ്പർ 42-ൽ,—

(i) (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കുപകരം യഥാക്രമം, താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"ഭാഗപത്രം-2(കെ) എന്ന വകുപ്പിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള കരണം

| | |
|---|---|
| (എ) ഭാഗം, കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അല്ലെങ്കിൽ അംഗങ്ങളിൽ ചിലർ തമ്മിലോ കുടുംബത്തിലെ മരണമടഞ്ഞ അംഗത്തിന്റെ അനന്തരാവകാശികൾ തമ്മിലോ ആകുന്നിടത്ത്. | ഏറ്റവും കുറഞ്ഞത് 1,000 രൂപയ്ക്ക് വിധേയമായി, ഭൂമിയുടെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള അത്തരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1,000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയോ അല്ലെങ്കിൽ മൂല്യത്തുകയോ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ."; |

(ii) നിലവിലുള്ള വിശദീകരണം വിട്ടുകളയേണ്ടതാണ്;

(എഫ്) ക്രമനമ്പർ 44-ൽ,—

(i) (സി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"അറുന്നൂറ് രൂപ"

(ii) (ജി) ഖണ്ഡത്തിൽ, (3)-ാം കോളത്തിലെ ഉൾക്കുറിപ്പിനു പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"അറുന്നൂറ് രൂപ"

(ജി) ക്രമനമ്പർ 48-നും, അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "48. ഒഴിമുറി, അതായത്, (24-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ഒരു ഒഴിമുറിയല്ലാത്ത) മറ്റൊരാളിന്മേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വസ്തുവിൻമേൽ ഉള്ള ഒരു അവകാശം ത്യജിച്ചുകൊണ്ടുള്ള ഏതെങ്കിലും കരണം | |
| (എ) ഒഴിമുറി കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയും അല്ലെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയോ മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടേയോ പേർക്കാവുമ്പോൾ | ഏറ്റവും കുറഞ്ഞത് 1,000 രൂപയ്ക്ക് വിധേയമായി അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റ് വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച എല്ലാ വസ്തുക്കളുടെയും വിലയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1,000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |

| | |
|---|---|
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | അവകാശം ത്യജിച്ചതിന് ആനുപാതികമായി അവകാശം ത്യജിച്ച ഭൂമിയുടെ ന്യായവില യുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന് തീറാധാരത്തിനുള്ള അതേ മുദ്രവില (അതതുസംഗതി പോലെ നമ്പർ 21 അഥവാ നമ്പർ 22).''; |

(എച്ച്) ക്രമനമ്പർ 51-ൽ, എ ഖണ്ഡത്തിനും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം താഴെ പറയുന്ന ഖണ്ഡവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

''എ. കരണം (ഡവർ സംബന്ധിച്ച ആധാരം ഉൾപ്പെടെ)

| | |
|---|---|
| (എ) ധനനിശ്ചയാധാരം കുടുംബത്തിലെ ഏതെങ്കിലും ഒരംഗത്തിന്റെയും മരണമടഞ്ഞ കുടുംബാംഗത്തിന്റെ നിയമാനുസൃത അവകാശികളുടെയും, ഏതെങ്കിലും കുടുംബാംഗത്തിന്റേയോ മരണമടഞ്ഞ കുടുംബാംഗത്തിന്റേയോ അവകാശികളുടേയോ പേർക്കാകുമ്പോൾ | ഏറ്റവും കുറഞ്ഞത് 1,000 രൂപയ്ക്ക് വിധേയമായി, കരണത്തിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 1,000 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ. |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | കരണത്തിൽ കാണിച്ചിട്ടുള്ള ധനനിശ്ചയം ചെയ്ത വസ്തുക്കളുടെ തുക അല്ലെങ്കിൽ മൂല്യം അല്ലെങ്കിൽ ഭൂമിയുടെ ന്യായവിലയും മറ്റു വസ്തുക്കളുടെ വിലയും ഇവയിൽ ഏതാണോ കൂടുതൽ അതിന് കപ്പൽപ്പണയാധാരത്തിനുള്ള അതേ മുദ്രവില (നമ്പർ 14).''; |

(ഐ) ക്രമനമ്പർ 54-നും, അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെ പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"54. പാട്ടം ഒഴിമുറി കൊടുക്കൽ—

| | |
|---|---|
| (എ) പാട്ടക്കാലാവധി അവസാനിക്കുന്നതിന് മുൻപ് പാട്ടം ഒഴിമുറി കൊടുക്കുമ്പോൾ, | ആയിരം രൂപ |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | അഞ്ഞൂറ് രൂപ.". |

5. 1960-ലെ 10-ാം ആക്റ്റിന്റെ ഭേദഗതി.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ (1960-ലെ 10), പട്ടിക II-ൽ അനുച്ഛേദം 18-നും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും ശേഷം യഥാക്രമം, താഴെപ്പറയുന്ന അനുച്ഛേദവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "19. 1982-ലെ ചിട്ടി ഫണ്ട് ആക്റ്റിന്റെ (1982-ലെ 40-ാം കേന്ദ്ര ആക്റ്റ്) കീഴിലുള്ള ഒരു തർക്കം ന്യായനിർണ്ണയം നടത്തുന്നതിനായി ആർബിട്രേറ്റർക്ക് നൽകുന്ന അപേക്ഷ. | ആർബിട്രേഷൻ തുകയുടെ രണ്ട് ശതമാനം.". |

6. 1961-ലെ 13-ാം ആക്റ്റിന്റെ ഭേദഗതി.—1961-ലെ കേരള ഭൂനികുതി ആക്റ്റിൽ (1961-ലെ 13), 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 5-ാം വകുപ്പിൻ കീഴിൽ, പ്രതിവർഷം ഓരോ ആറിനും ചുമത്തപ്പെടുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി, പഞ്ചായത്ത് പ്രദേശങ്ങളിൽ അഞ്ച് രൂപയും, ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ പത്ത് രൂപയും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇരുപത് രൂപയും നിരക്കുകളിൽ ആയിരിക്കുന്നതാണ്:

എന്നാൽ, ഒരു ഭൂമികൈവശക്കാരൻ കൈവശം വയ്ക്കുന്ന മൊത്തം ഭൂമിയുടെ വിസ്തൃതി പഞ്ചായത്തു പ്രദേശങ്ങളിൽ 8.1 ആറിലും ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ 2.43 ആറിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1.62 ആറിലും കവിയാത്തിടത്ത്, അപ്രകാരമുള്ള ഭൂമിക്ക് ചുമത്തുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി, പ്രതിവർഷം ഓരോ ആറിനും പഞ്ചായത്ത് പ്രദേശങ്ങളിൽ രണ്ടു രൂപ അൻപതു പൈസ, ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ അഞ്ചു രൂപ, കോർപ്പറേഷൻ പ്രദേശങ്ങളിൽ പത്തു രൂപ എന്നീ നിരക്കുകളിൽ ആയിരിക്കുന്നതാണ്.";

7. 1963-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.—1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിൽ (1963-ലെ 15),—

(1) 23 ബി വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ, "2017 ഡിസംബർ 31-ാം തീയതിക്ക്" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30-ാം തീയതിക്ക്" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിൽ, "2017 ഡിസംബർ 31-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) പട്ടികയിൽ, ക്രമനമ്പർ 2-നും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"2 വിദേശമദ്യം

| | | |
|---|---|---|
| (i) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്തതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ കുപ്പിയിലാക്കിയ വൈൻ | 25 |
| (ii) | രാജ്യത്തിന് പുറത്ത് നിന്ന് ഇറക്കുമതി ചെയ്തതും 1962-ലെ കസ്റ്റംസ് ആക്റ്റ് പ്രകാരമുള്ള ഡ്യൂട്ടി നൽകപ്പെട്ടതുമായ, വൈൻ ഒഴികെയുള്ള കുപ്പിയിലാക്കിയ വിദേശമദ്യം | 78 |
| (iii) | മുകളിലെ (ii)-ാം ഉപ-ഉൾക്കുറിപ്പിൻ കീഴിൽ ഉൾപ്പെടാത്ത ബിയർ | 100 |
| (iv) | മുകളിലെ (1)-ാം ഉപ-ഉൾക്കുറിപ്പിൽ ഉൾപ്പെടാത്ത വൈൻ | 70 |
| (v) | മുകളിലെ (i), (ii), (iii), (iv) എന്നീ ഉപ-ഉൾക്കുറിപ്പുകളിൽ ഉൾപ്പെടാത്ത | |
| | (എ) കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 210 |
| | (ബി) കെയ്സ് ഒന്നിന് 400 രൂപവരെ ക്രയമൂല്യം ഉള്ള വിദേശ മദ്യം | 200 |

*വിശദീകരണം:*—ഈ പട്ടികയുടെ ആവശ്യത്തിലേക്കായി,—

(i) "കെയ്സ്" എന്നാൽ ഓരോന്നിലും 180 മില്ലീലിറ്റർ വീതമുള്ള 48 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 375 മില്ലീലിറ്റർ വീതമുള്ള 24 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 500 മില്ലീലിറ്റർ വീതമുള്ള 18 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 750 മില്ലീലിറ്റർ വീതമുള്ള 12 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1000 മില്ലീലിറ്റർ വീതമുള്ള 9 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1500 മില്ലീലിറ്റർ വീതമുള്ള ആറ് ബോട്ടിലുകൾ എന്നർത്ഥമാകുന്നു;

(ii) "ക്രയമൂല്യം" എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് അങ്ങനെയുള്ള മദ്യം വിതരണക്കാരിൽ നിന്ന് ഏതു വിലയ്ക്കാണോ വാങ്ങുന്നത് ആ വില എന്നർത്ഥമാകുന്നതും, ഏതെങ്കിലും മദ്യം വാങ്ങിയത് കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് അല്ലാത്ത സംഗതിയിൽ, 1077-ലെ അബ്കാരി ആക്റ്റ് (1077-ലെ 1) പ്രകാരം ഡ്യൂട്ടി ചുമത്തുന്ന ആവശ്യത്തിനായി എക്സൈസ് കമ്മീഷണർ നിജപ്പെടുത്തിയ അങ്ങനെയുള്ള വില എന്നർത്ഥമാകുന്നതുമാണ്.

8. <u>1976-ലെ 19-ാം ആക്റ്റിന്റെ ഭേദഗതി.</u>—1976-ലെ കേരള മോട്ടോർ വാഹന നികുതിചുമത്തൽ ആക്റ്റിൽ (1976-ലെ 19),—

(1) 3-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(i) രണ്ടാം ക്ലിപ്തനിബന്ധനയിൽ, "നാലാമത്തെ ക്ലിപ്തനിബന്ധന പ്രകാരം" എന്ന വാക്കുകൾക്ക് പകരം "അഞ്ചാം ക്ലിപ്തനിബന്ധന പ്രകാരം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) മൂന്നാം ക്ലിപ്തനിബന്ധനയിൽ,—

(എ) "പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ചുമത്തേണ്ടതും" എന്ന വാക്കുകൾക്ക് പകരം "പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ, ചുമത്തേണ്ടതും" എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

"(ബി) 7(i)(എ), ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകൾ" എന്ന അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും വാക്കുകൾക്കും പകരം, "7(i)(എ), 7(i)(എഎ) എന്നീ ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകൾ, 7(i)(എബി) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ഇ-റിക്ഷകൾ" എന്നീ അക്കങ്ങളും ബ്രാക്കറ്റുകളും അക്ഷരങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(സി) "ഏഴാം ക്ലിപ്തനിബന്ധനയിൽ" എന്ന വാക്കുകൾക്കു പകരം "എട്ടാം ക്ലിപ്തനിബന്ധനയിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ഡി) നാലാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം വരുന്ന കുറിപ്പിൽ "ഇത്" എന്ന വാക്കിന് പകരം "ഈ ക്ലിപ്തനിബന്ധന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിൽ, രണ്ടാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും കേരള സംസ്ഥാനത്തല്ലാതെ ഏതെങ്കിലും സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ രജിസ്റ്റർ ചെയ്തതും കേരളത്തിന് നൽകേണ്ടതായ നികുതി അടയ്ക്കാതെ കേരള സംസ്ഥാനത്ത് ഗതാഗതം നടത്തുന്നതായി കാണപ്പെടുന്നതുമായ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വാഹനത്തിന് പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നികുതിയുടെ രണ്ട് ഇരട്ടി തുകയ്ക്ക് തുല്യമായ ഒരു നികുതി നൽകേണ്ടതാണ്.";

(സി) (7)-ാം ഉപവകുപ്പിൽ, "പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള" എന്ന വാക്കുകൾക്ക് പകരം, "അനുബന്ധം IV-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(2) 4-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(എ) മൂന്നാം ക്ലിപ്തനിബന്ധനയ്ക്ക് പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, ഒരു വർഷം ഒറ്റത്തവണ നികുതിയോ ഒന്നിച്ചുള്ള നികുതിയോ ദ്വിവർഷ നികുതിയോ, ആയിരത്തി അഞ്ഞൂറ് രൂപയിൽ കവിയാതെ നൽകിയിട്ടുള്ള വാഹനങ്ങൾ ഒഴികെയുള്ള മോട്ടോർ വാഹനങ്ങളെ സംബന്ധിച്ച്, വാർഷിക ലൈസൻസിൻമേൽ നികുതി വർഷം തോറും നൽകേണ്ടതാണ്.";

(ബി) നാലാം ക്ലിപ്തനിബന്ധനയിൽ, "രണ്ടാം ക്ലിപ്തനിബന്ധന" എന്ന വാക്കുകൾക്കു പകരം "മൂന്നാം ക്ലിപ്തനിബന്ധന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(സി) അഞ്ചാം ക്ലിപ്തനിബന്ധനയിൽ, "7(i)(എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകളുടെയോ" എന്ന അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും വാക്കുകൾക്കും പകരം "7(i)(എ), 7(i)(എഎ) എന്നീ ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകളുടെയോ 7(i)(എബി) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ഇ-റിക്ഷയുടെയോ" എന്ന അക്കങ്ങളും ബ്രാക്കറ്റുകളും അക്ഷരങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(ഡി) എട്ടാം ക്ലിപ്തനിബന്ധനയിൽ, "7(i)(എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ആട്ടോറിക്ഷകളെയും" എന്ന അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും അക്ഷരത്തിനും വാക്കുകൾക്കും പകരം "7(i)(എ), 7(i)(എഎ) എന്നീ ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ആട്ടോറിക്ഷകളെയും 7(i)(എബി) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഇ-റിക്ഷകളെയും" എന്ന അക്കങ്ങളും ബ്രാക്കറ്റുകളും അക്ഷരങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്;

(3) പട്ടികയിൽ,—

(എ) ക്രമനമ്പർ 3-ൽ, (ii)-ാം ഇനത്തിൽ, (ക്യൂ)ഉപ-ഇനത്തിനും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം യഥാക്രമം, താഴെ പറയുന്ന ഉപ-ഇനങ്ങളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | | | | | |
|---|---|---|---|---|---|---|
| "(ക്യൂ) | ,, | 15000 കി. ഗ്രാം | ,, | 20000 കി. ഗ്രാം | ,, | 4240 + 15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 160 രൂപ |
| (ആർ) | ,, | 20000 കി. ഗ്രാം | ,, | | ,, | 7440 + 20000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 220 രൂപ"; |

(ബി) ക്രമനമ്പർ 7-ൽ, (i)-ാം ഇനത്തിൽ, (എ)ഉപ-ഇനത്തിനും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും പകരം, യഥാക്രമം, താഴെ പറയുന്ന ഉപ-ഇനങ്ങളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

| | | |
|---|---|---|
| "(എ) | മൂന്നിൽ കൂടുതൽ അല്ലാത്ത യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നവയും (ആട്ടോറിക്ഷകൾ) പെട്രോളും ഡീസലും ഉപയോഗിക്കുന്നവയും | 125.00 |
| (എഎ) | മൂന്നിൽ കൂടുതൽ അല്ലാത്ത യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുന്നവയും (ആട്ടോറിക്ഷകൾ) പെട്രോളും ഡീസലും അല്ലാതെയുള്ള ഇന്ധനം ഉപയോഗിക്കുന്നവയും | 115.00 |
| (എബി) | രണ്ടിലധികം എന്നാൽ 6-ൽ കൂടുതൽ അല്ലാത്ത യാത്രക്കാരെ വഹിച്ചുകൊണ്ടു പോകുവാൻ ഉപയോഗിക്കുന്ന മോട്ടോർ കാബുകളും ടൂറിസ്റ്റ് കാബുകളും ഒഴികെ | 125.00"; |

(സി) ക്രമനമ്പർ (14)-ഉം അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്;

(ഡി) അനുബന്ധം II-ൽ, "വാഹനത്തിന്റെ വിഭാഗം" എന്ന ശീർഷകത്തിൻ കീഴിൽ, ക്രമനമ്പർ സി-ക്ക് എതിരെ ആട്ടോറിക്ഷകളും എന്ന വാക്കിന് ശേഷം "പുതിയ ഇ-റിക്ഷകളും 2018 ഏപ്രിൽ 1-ാം തീയതിയോ അതിനുശേഷമോ ആദ്യം രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്തേക്ക് കൊണ്ടുവന്നതുമായ പുതിയ ഇ-റിക്ഷകളും" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ഇ) അനുബന്ധം III-ന് പകരം താഴെപ്പറയുന്ന അനുബന്ധം ചേർക്കേണ്ടതാണ്, അതായത്:—

"അനുബന്ധം III

[3(6) വകുപ്പ് കാണുക]

| ക്രമനമ്പർ | വാഹനത്തിന്റെ വിഭാഗം | | നികുതി തുക |
|---|---|---|---|
| (1) | | (2) | (3) |
| | | 30 ദിവസത്തിൽ കൂടുതലും ഒരു വർഷം വരെയുള്ളതുമായ കാലയളവിലേക്ക് തങ്ങുന്നതിന് | ഒരു വർഷത്തിൽ കൂടുതലായ കാലയളവിലേക്ക് തങ്ങുന്നതിന് |
| 1 | മോട്ടോർ സൈക്കിളുകളും ത്രിചക്ര വാഹനങ്ങളും | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒറ്റത്തവണ നികുതിയുടെ 1/15 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 2 | മോട്ടോർ കാറുകൾ | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒറ്റത്തവണ നികുതിയുടെ 1/15 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 3 | വ്യക്തിപരമായ ആവശ്യത്തിനുള്ള സ്വകാര്യ സർവ്വീസ് വാഹനങ്ങൾ | | |
| | എ. 10 യാത്രക്കാരെ വരെ വഹിക്കാവുന്നവ–ഓരോ യാത്രക്കാരനും | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒറ്റത്തവണ നികുതിയുടെ 1/15 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| | ബി. 10-ൽ കൂടുതൽ യാത്രക്കാരെ വഹിക്കാവുന്നവ –ഓരോ യാത്രക്കാരനും | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒറ്റത്തവണ നികുതിയുടെ 1/15 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 4 | നിർമ്മാണ ഉപകരണ വാഹനങ്ങൾ | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഒറ്റത്തവണ നികുതിയുടെ 1/15 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 5 | ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത മറ്റു വാഹനങ്ങൾ | ഓരോ ത്രൈമാസത്തിനും പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ത്രൈമാസ നികുതി | ഓരോ ത്രൈമാസത്തിനും പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ത്രൈമാസ നികുതി |

(എഫ്) അനുബന്ധം III-ന് ശേഷം, താഴെപ്പറയുന്ന അനുബന്ധം ചേർക്കേണ്ടതാണ്, അതായത്:—

"അനുബന്ധം IV

(ഹ്രസ്വകാല നികുതി)

[3 (7) വകുപ്പ് കാണുക]

മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് നിന്നും സംസ്ഥാനത്തെ താൽക്കാലിക ആവശ്യത്തിനായി കൊണ്ടുവരുന്ന മോട്ടോർ വാഹനങ്ങൾ.

| *ക്രമ നമ്പർ* | *തങ്ങുന്ന കാലയളവ്* | *നികുതി തുക (രൂപയിൽ)* |
|---|---|---|
| (1) | (2) | (3) |
| (i) | തങ്ങുന്ന ആദ്യ മാസത്തിനോ അതിന്റെ ഭാഗത്തിനോ | 10,000 |
| (ii) | തങ്ങുന്ന തുടർന്നു വരുന്ന ഓരോ മാസത്തിനോ അതിന്റെ ഭാഗത്തിനോ | 5,000". |

9. <u>1991-ലെ 15-ാം ആക്റ്റിന്റെ ഭേദഗതി.</u>—1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽ (1991-ലെ 15), 37സി വകുപ്പിൽ,—

(എ) (5)-ാം ഉപവകുപ്പിൽ, "2017 സെപ്റ്റംബർ 30" എന്ന വാക്കിനും അക്കങ്ങൾക്കും പകരം, "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) (7)-ാം ഉപവകുപ്പിൽ "2017 ഡിസംബർ 31" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

10. <u>2004-ലെ 30-ാം ആക്റ്റിന്റെ ഭേദഗതി.</u>—2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ (2004-ലെ 30),—

(1) 2-ാം വകുപ്പിൽ, (xxiv)-ാം ഖണ്ഡത്തിന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(xxivഎ) "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ) ആയി നിയമിക്കപ്പെട്ട ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു.";

(2) 3-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ "ജോയിന്റ് കമ്മീഷണർമാരെയും" എന്ന വാക്കുകൾക്ക് ശേഷം "ജോയിന്റ് കമ്മീഷണർമാരെയും (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "നിർവ്വഹിക്കുന്നതിൽ" എന്ന വാക്കിന് ശേഷം "ജോയിന്റ് കമ്മീഷണർമാർക്കോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(3) 24-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ നാലാം ക്ലിപ്തനിബന്ധനയിൽ "2018 മാർച്ച് 31" എന്ന വാക്കിനും അക്കങ്ങൾക്കും പകരം "2019 മാർച്ച് 31" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(4) 25-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ മൂന്നാം ക്ലിപ്ത നിബന്ധനയിൽ "2018 മാർച്ച് 31" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2019 മാർച്ച് 31" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(5) 25ഡി വകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഈ വകുപ്പു പ്രകാരം, ഡിഫറൻഷ്യൽ നികുതി നൽകുവാൻ ഓപ്റ്റ് ചെയ്തതും അല്ലെങ്കിൽ തുക ഭാഗികമായി നൽകിയിട്ടുള്ളതുമായ വ്യാപാരികൾ, 2018 മാർച്ച് 31-ാം തീയതി ബാക്കി നിൽക്കുന്ന തുക 2020 മാർച്ച് 31-ാം തീയതിയോ അതിന് മുൻപോ ഇരുപത്തിനാല് തുല്യ മാസ തവണകളായി നൽകേണ്ടതാണ്."

(6) 25ഇ വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ളതും ഈ ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാത്തതുമായ വ്യാപാരികൾക്ക് 2017 മാർച്ച് 31-ാം തീയതിവരെയുള്ള കാലയളവുമായി ബന്ധപ്പെട്ടുള്ള അവരുടെ കേസുകൾ, ഈ വകുപ്പു പ്രകാരം നൽകേണ്ടതായ നികുതിക്കു പുറമേ അപ്രകാരമുള്ള ഓരോ വർഷത്തേക്കും നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള രജിസ്ട്രേഷൻ ഫീസും രജിസ്ട്രേഷൻ ഫീസിനു തുല്യമായ ഒരു തുക പിഴയായും നൽകിക്കൊണ്ട് തീർപ്പാക്കാവുന്നതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ "2017 സെപ്റ്റംബർ 30" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(സി) (5)-ാം ഉപവകുപ്പിൽ "2017 ഡിസംബർ 31" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ഡി) (7)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(7) 31എ വകുപ്പിൽ,—

(എ) (5)-ാം ഉപവകുപ്പിൽ "2017 സെപ്റ്റംബർ 30" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) (7)-ാം ഉപവകുപ്പിൽ "2017 ഡിസംബർ 31" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2018 ജൂൺ 30" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

(8) 31എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്: —

"31ബി. ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിന്റെ 31-ാം വകുപ്പ് (5)-ാം ഉപവകുപ്പും, 31-ാം വകുപ്പ് (6)-ാം ഉപവകുപ്പും പ്രകാരം ഉണ്ടായിട്ടുള്ള പലിശയും 1956-ലെ കേന്ദ്ര വില്പന നികുതി ആക്റ്റിന്റെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് (2)-ാം ഉപവകുപ്പു പ്രകാരം നൽകേണ്ടതോ, ഉണ്ടായിട്ടുള്ളതോ ആയ നികുതിയും ഈ ആക്റ്റിന്റെ 67-ാം വകുപ്പും 68-ാം വകുപ്പും പ്രകാരമുള്ള പിഴയും, 8-ാം വകുപ്പ്, (2)-ാം ഉപവകുപ്പു പ്രകാരം നൽകേണ്ടതോ തിട്ടപ്പെടുത്തിയതോ ആയ നികുതി നൽകാത്തതിനും കുറവായി നൽകിയതിനും ഉള്ള പിഴയും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി വേണ്ടെന്നു വയ്ക്കേണ്ടതാണ്,—

(എ) 2018 ഏപ്രിൽ 20-നു മുൻപ് നികുതി നിർണ്ണയ ഉത്തരവുകൾ ലഭിച്ചിട്ടുള്ള വ്യാപാരികൾ 2018 മേയ് 31-നോ, അതിനുമുൻപോ നികുതി നിർണ്ണയ അധികാരസ്ഥൻ മുൻപാകെ അവരുടെ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്;

(ബി) 2018 ഏപ്രിൽ 20-നു ശേഷം നികുതി നിർണ്ണയ ഉത്തരവുകൾ ലഭിച്ചിട്ടുള്ള വ്യാപാരികൾ 2019 മാർച്ച് 31-നു മുൻപോ നികുതി നിർണ്ണയ ഉത്തരവുകൾ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകമോ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്;

എന്നാൽ, കമ്മീഷണർക്ക് ഓപ്ഷൻ ഫയൽ ചെയ്യുന്നതിനുള്ള തീയതി മതിയായ കാരണങ്ങളാൽ ദീർഘിപ്പിക്കാവുന്നതാണ്;

(സി) ഓപ്ഷൻ പ്രകാരം നൽകേണ്ടതായ നികുതിതുക നികുതി നിർണ്ണയ അധികാരി അറിയിക്കുന്ന തീയതി മുതൽ പന്ത്രണ്ടു തുല്യമാസത്തവണകളായോ ഒന്നിച്ചോ, നിർണ്ണയിച്ചിട്ടുള്ള മുഴുവൻ തുകയും അപ്രകാരമുള്ള വ്യാപാരികൾ നൽകേണ്ടതാണ്;

(ഡി) എല്ലാ കോടതികളിലും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അധികാരസ്ഥാനങ്ങളിലും തീർപ്പാകാതെ നിലനിൽക്കുന്ന, നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട കേസുകൾ വ്യാപാരി പിൻവലിക്കേണ്ടതാണ്;

(ഇ) 2018 മാർച്ച് 20-നു മുൻപ് ഒടുക്കിയിട്ടുള്ള പിഴകളും പലിശയും നികുതി ബാധ്യതയിൽ തട്ടിക്കിഴിക്കുന്നതല്ല.";

(9) 42-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധനകൾ ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, (1)-ാം ഉപവകുപ്പു പ്രകാരം ആഡിറ്റ് ചെയ്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും സർട്ടിഫിക്കറ്റുകളും ഫയൽ ചെയ്ത വ്യാപാരികളെ സാങ്കേതികമോ ക്ലറിക്കലോ ആയ സ്വഭാവത്തോടുകൂടിയതും സമ്മതിച്ചിട്ടുള്ളതും നികുതി നൽകിയതുമായ വിറ്റുവരവിനെ ബാധിക്കാത്തതുമായ ന്യൂനതകൾ സംബന്ധിച്ച് 2017 ജൂൺ വരെയുള്ള കാലയളവിൽ ഫയൽ ചെയ്തിട്ടുള്ള റിട്ടേണുകൾ പരിഷ്ക്കരിക്കുന്നതിന് അനുവദിക്കാവുന്നതാണ്. അപ്രകാരമുള്ള വ്യാപാരികൾ 2018 ജൂൺ 30-നോ അതിനുമുൻപോ നികുതി നിർണ്ണയ അധികാരസ്ഥൻ മുൻപാകെ അവരുടെ റിട്ടേണുകൾ പരിഷ്കരിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്:

എന്നിരുന്നാലും, അപ്രകാരമുള്ള ന്യൂനതകളുടെ അടിസ്ഥാനത്തിൽ ഇതിനകം നികുതി നിർണ്ണയ നടപടികൾ ആരംഭിച്ചിട്ടുള്ളതുമായ വ്യാപാരികൾക്ക് ഈ സൗകര്യം ലഭ്യമാകുകയില്ല:

എന്നിരുന്നാൽത്തന്നെയും അപ്രകാരമുള്ള പരിഷ്കരിക്കൽ കാലാകാലങ്ങളിൽ കമ്മീഷണർ നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്.".

(10) 55-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിന് പകരം താഴെപ്പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കും ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കും അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കുമുള്ള അപ്പീലുകൾ.—";

(ബി) (1)-ാം ഉപവകുപ്പിൽ,—

(i) ഒന്നാം ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, ഈ ആക്റ്റിൽ എന്തുതന്നെഅടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിൽ ഡെപ്യൂട്ടി കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത അധികാരസ്ഥാനം പാസ്സാക്കിയ ഏതൊരു ഉത്തരവിനും എതിരായി ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ) മുമ്പാകെ മാത്രമേ അപ്പീൽ ഫയൽ ചെയ്യാൻ കഴിയുകയുള്ളൂ.";

(ii) മൂന്നാം ക്ലിപ്തനിബന്ധനയിൽ "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(സി) (4)-ാം ഉപവകുപ്പിൽ, ഒന്നാം ക്ലിപ്തനിബന്ധനയിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ), ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ഡി) (5)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ഇ) (6)-ാം ഉപവകുപ്പിൽ "ഡെപ്യൂട്ടി കമ്മീഷണറും (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണറും (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണറും (അപ്പീലുകൾ) ഡെപ്യൂട്ടി കമ്മീഷണറും (അപ്പീലുകൾ) അസിസ്റ്റന്റ് കമ്മീഷണറും (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(എഫ്) (7)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(11) 58-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, (ബി) ഖണ്ഡത്തിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(12) 59-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(13) 60-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ജോയിന്റ് കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും പകരം ചേർക്കേണ്ടതാണ്;

(14) 65-ാം വകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണറുടേയോ (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണറുടേയോ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണറുടേയോ (അപ്പീലുകൾ)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണറുടേയോ (അപ്പീലുകൾ) അല്ലെങ്കിൽ ഡെപ്യൂട്ടി കമ്മീഷണറുടേയോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറുടേയോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(15) 85-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, (x)-ാം ഖണ്ഡം (ബി) ഉപഖണ്ഡത്തിൽ, "ഡെപ്യൂട്ടി കമ്മീഷണറോ" എന്ന വാക്കുകൾക്ക് ശേഷം "ജോയിന്റ് കമ്മീഷണറോ (അപ്പീലുകൾ)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(16) 94-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ, "ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഉൾപ്പെടെ" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "ജോയിന്റ് കമ്മീഷണർ (അപ്പീലുകൾ), ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഉൾപ്പെടെ" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്;

(17) ഒന്നാം പട്ടികയിൽ, ക്രമനമ്പർ 17ബി-ക്കും അതിനെതിരെയുള്ള (2)-ഉം (3)-ഉം കോളങ്ങളിലെ ഉൾക്കുറിപ്പുകൾക്കും കീഴിൽ താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"കുറിപ്പ്:—ഈ ഉൾക്കുറിപ്പ് 2011 ജൂലൈ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.".

11. 2008-ലെ 21-ാം ആക്റ്റിന്റെ ഭേദഗതി.—2008-ലെ കേരള ധനകാര്യ ആക്റ്റിൽ (2008-ലെ 21), 6-ാം വകുപ്പിൽ,—

(1) (എ) "5-ഉം 7-ഉം വകുപ്പുകൾ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "5-ാം വകുപ്പ്, വിദേശ മദ്യം ഒഴികെ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധന വിട്ടുകളയേണ്ടതാണ്;

(2) (2എ) ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(3) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) സർക്കാരിന്, ഇതിലേക്കായി നിയമം വഴി, യഥാവിധി ധനവിനിയോഗം നടത്തിയതിനുശേഷം, (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി സാമൂഹ്യസുരക്ഷാസെസ്സിന്റെ അങ്ങനെയുള്ള പണം ഉപയോഗിക്കാവുന്നതാണ്.";

(4) (4)-ാം ഉപവകുപ്പിലെ "(2എ)" എന്ന ബ്രാക്കറ്റുകളും അക്കവും അക്ഷരവും വിട്ടുകളയേണ്ടതാണ്.

12. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റിലോ (2017-ലെ 20), 1976-ലെ കേരള ആഡംബരങ്ങളിന്മേലുള്ള നികുതി ആക്റ്റിലോ (1976-ലെ 32) (ഇതിനുശേഷം റദ്ദാക്കപ്പെട്ട ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 മാർച്ച് 31-ാം തീയതിവരെയും അത് ഉൾപ്പെടെയുമുള്ള കാലയളവുമായി ബന്ധപ്പെട്ട്, റദ്ദാക്കപ്പെട്ട ആക്റ്റ് പ്രകാരം നികുതിയോ മറ്റ് ഏതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് കുടിശ്ശികയുള്ള മുഖ്യനികുതി തുകയും പിഴതുകയുടെ മുപ്പത് ശതമാനവും ഒടുക്കി നികുതി തുകയിന്മേലുള്ള പലിശയ്ക്കും പിഴ തുകയ്ക്കും അതിന്മേലുള്ള പലിശയ്ക്കും മുഴുവൻ കുറവുചെയ്യലും പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഓപ്റ്റ് ചെയ്യാവുന്നതാണ്.

(2) 1968-ലെ കേരള നികുതിവസൂലാക്കൽ ആക്റ്റിൽ (1968-ലെ 15), എന്തുതന്നെഅടങ്ങിയിരുന്നാലും, (1)-ാം ഉപവകുപ്പുപ്രകാരമുളള കുടിശ്ശിക കുറവുചെയ്യൽ, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതികളിൽ ബാധകമാകുന്നതും, അങ്ങനെയുള്ള തുകകൾ നികുതിനിർണ്ണയ അധികാരികൾക്ക് (1)-ാം ഉപവകുപ്പ് പ്രകാരമുളള തീർപ്പാക്കൽ പ്രകാരം ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതും (1)-ാം ഉപവകുപ്പ് പ്രകാരം തുക തീർപ്പാക്കുന്നതിന്മേൽ, നികുതിനിർണ്ണയ അധികാരികൾ അങ്ങനെയുള്ള നികുതിദായകർക്ക് എതിരെയുള്ള നികുതിവസൂലാക്കൽ നടപടികൾ പിൻവലിക്കേണ്ടതും അപ്പോൾ മുതൽ അത് റവന്യൂ അധികാരികൾക്ക് ബാധകമായിരിക്കുന്നതും അങ്ങനെയുള്ള നികുതിദായകർ ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതല്ലാത്തതുമാകുന്നു.

(3) ഈ വകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കാൻ ഓപ്റ്റ് ചെയ്യുന്നതിനായി, നികുതിദായകൻ ഏതെങ്കിലും അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി മുമ്പാകയോ ട്രൈബ്യൂണൽ അല്ലെങ്കിൽ കോടതി മുമ്പാകയോ തീർപ്പാകാതെ നിലവിലിരിക്കുന്ന എല്ലാ കേസുകളും പിൻവലിക്കേണ്ടതാണ്.

(4) ഒരു വർഷവുമായി ബന്ധപ്പെട്ട എല്ലാ നികുതിയുടെയും പിഴയുടെയും കുടിശ്ശികകൾ ഈ വകുപ്പ് പ്രകാരം ഒരുമിച്ച് അടച്ചു തീർക്കേണ്ടതാണ്.

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഓപ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന നികുതിദായകൻ, 2018 ജൂൺ 30-നോ അതിന് മുൻപോ നികുതി നിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(6) ഈ വകുപ്പിൻകീഴിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി, അപേക്ഷ സമർപ്പിച്ച തീയതി വരെയുള്ള കുടശ്ശിക കണക്കാക്കേണ്ടതാണ്.

(7) (5)-ാം ഉപവകുപ്പ് പ്രകാരമുളള ഒരു അപേക്ഷ ലഭിച്ചാൽ നികുതി നിർണ്ണയ അധികാരി (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും കിട്ടാനുള്ള നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, നികുതിദായകനെ തുക അറിയിക്കേണ്ടതും, അതിനുശേഷം നികുതിദായകൻ തുല്യമാസ തവണകളായി 2018 ഡിസംബർ 31-നോ അതിനുമുൻപോ തുക അടയ്ക്കേണ്ടതുമാണ്:

എന്നാൽ, (1)-ാം ഉപവകുപ്പിൻ കീഴിൽ തന്റെ കുടിശ്ശിക തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യുന്ന ഒരു നികുതിദായകൻ, സ്വമേധയായോ ഏതെങ്കിലും കോടതിയോ, ട്രൈബ്യൂണലോ, അപ്പലേറ്റ് അതോറിറ്റിയോ പുറപ്പെടുവിച്ച ഒരു ഉത്തരവോ, ഡിക്രിയോ, വിധിന്യായമോ പ്രകാരമോ, ഒരു സ്റ്റേ ലഭിക്കുന്നതിനായി കുടിശ്ശികയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള അതോറിറ്റി മുൻപാകെ പ്രസ്തുത കേസ് നിലവിലിരിക്കുകയും ചെയ്യുകയാണെങ്കിൽ അപ്രകാരം നൽകിയ തുക ഈ ഓപ്ഷൻ പ്രകാരം നൽകിയതായി കരുതേണ്ടതാണ്.

(8) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം തീർപ്പാക്കിയ തുക പിന്നീട് തിരികെ നൽകുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2018-2019-ലെ ബജറ്റ് പ്രസംഗത്തിലെ 244 മുതൽ 250 വരെയും 252 മുതൽ 274 വരെയും ഖണ്ഡികകളിൽ പ്രഖ്യാപിച്ചിട്ടുള്ള 2018-2019 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി താഴെ പറയുന്ന ആക്റ്റുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ, അതായത്:—

1. 1077-ലെ അബ്കാരി ആക്റ്റ് (1077-ലെ 1)
2. 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റ് (1957-ലെ 11)
3. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റ് (1959-ലെ 17)
4. 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10)
5. 1961-ലെ കേരള ഭൂനികുതി ആക്റ്റ് (1961-ലെ 13)
6. 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റ് (1963-ലെ 15)
7. 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റ് (1976-ലെ 19)
8. 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റ് (1991-ലെ 15)
9. 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റ് (2004-ലെ 30)
10. 2008-ലെ കേരള ധനകാര്യ ആക്റ്റ് (2008-ലെ 21)

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (ബി) ഇനം, (iii)-ാം ഉപ-ഇന പ്രകാരം 1077-ലെ അബ്കാരി ആക്റ്റിലെ (1077-ലെ 1) 18-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിന്റെ നിലവിലുള്ള ക്ലിപ്തനിബന്ധനക്ക് ശേഷം ചേർക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ ക്ലിപ്തനിബന്ധന, ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വില്പന നടത്തുകയോ വിളമ്പുകയോ ചെയ്യുന്ന ലൈസൻസികൾക്ക്, പ്രസ്തുത വകുപ്പിന്റെ (സി) ഖണ്ഡത്തിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് ചുമത്താതെ തന്നെ വിദേശ നിർമ്മിത വിദേശ മദ്യം വിൽക്കുന്നതിനോ വിളമ്പുന്നതിനോ, അനുവാദം നൽകുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

540/2018.

2. ബില്ലിലെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡപ്രകാരം 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ (1959-ലെ 17) പുതുതായി ചേർക്കുവാൻ ഉദ്ദേശിക്കുന്ന 28സി വകുപ്പ്, 1961-ലെ ആദായ നികുതി ആക്റ്റിന്റെ (1961-ലെ 43-ാം കേന്ദ്ര ആക്റ്റ്) 48-ാം വകുപ്പിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഇൻഫ്ളേഷൻ ഇൻഡെക്സ് അടിസ്ഥാനമാക്കി ഫ്ളാറ്റ്/ അപ്പാർട്ട്മെന്റ് ഒഴികെയുള്ള കെട്ടിടങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡം (3)-ാം ഉപഖണ്ഡപ്രകാരം മേൽപ്പറഞ്ഞ ആക്റ്റിന്റെ 45ബി വകുപ്പ്, (5)-ാം ഉപവകുപ്പിന് ചേർക്കുവാൻ ഉദ്ദേശിക്കുന്ന ക്ലിപ്തനിബന്ധന, സങ്കടമനുഭവിക്കുന്ന ആൾ കുറവുള്ള മുദ്രവിലതുകയുടെ ഇരുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ ഒരു തുക കെട്ടിവയ്ക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ ഭരണപരമോ സാധാരണമോ ആയ സ്വഭാവത്തോടുകൂടിയതോ നടപടിക്രമങ്ങളെ സംബന്ധിച്ച കാര്യങ്ങളോ ആകുന്നു. കൂടാതെ ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ടി. എം. തോമസ് ഐസക്.

(ശരിത്തർജ്ജമ)

# 1077-ലെ അബ്കാരി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (1077-ലെ 1)

** ** ** **

3. വ്യാഖ്യാനം.—ഈ ആക്റ്റിൽ, വിഷയ സന്ദർഭത്തിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടാകാത്ത പക്ഷം,—

** ** ** **

(13) വിദേശമദ്യം.—"വിദേശമദ്യ"ത്തിൽ നാടൻ മദ്യം അല്ലാത്ത എല്ലാ മദ്യങ്ങളും ഉൾപ്പെടുന്നതാകുന്നു:

എന്നാൽ, സംശയം ഉണ്ടാക്കിയേക്കാവുന്ന ഏതെങ്കിലും കാര്യത്തിൽ സർക്കാരിന് ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഗസറ്റ് വിജ്ഞാപനംവഴി "നാടൻ മദ്യമായും" "വിദേശമദ്യമായും" കരുതപ്പെടേണ്ടത് ഏതൊക്കെയായിരിക്കണമെന്നുള്ളത് പ്രഖ്യാപിക്കാവുന്നതാണ്.

** ** ** **

18. എങ്ങനെ ഡ്യൂട്ടിയോ കൗണ്ടർവെയിലിംഗ് ഡ്യൂട്ടിയോ ചുമത്താമെന്ന്.—(1) അങ്ങനെയുള്ള എക്സൈസ് ഡ്യൂട്ടിയോ കൗണ്ടർവെയിലിംഗ് ഡ്യൂട്ടിയോ ചുമത്താവുന്നതും ഈടാക്കാവുന്നതുമാണ്.

** ** ** **

"(2) (1)-ാം ഉപവകുപ്പുപ്രകാരം എക്സൈസ് ഡ്യൂട്ടി അഥവാ കൗണ്ടർവെയിലിംഗ് ഡ്യൂട്ടി താഴെപ്പറഞ്ഞിട്ടുള്ള നിരക്കുകളിൽ കവിയാതെ, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കുകളിൽ, ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്, അതായത്:—

| എക്സൈസ് ഡ്യൂട്ടി | പരമാവധി നിരക്ക് |
|---|---|
| (i) മദ്യത്തിൻമേലുള്ള എക്സൈസ് ഡ്യൂട്ടി (ഇന്ത്യൻ നിർമ്മിതം) | ഓരോ പ്രൂഫ് ലിറ്ററിനും 200 രൂപ അഥവാ മദ്യത്തിന്റെ വിലയുടെ 200 ശതമാനത്തിന് തുല്യമായ തുക, ഏതാണോ കൂടുതൽ അത് |

** ** ** **

(4) ഗസറ്റ് വിജ്ഞാപനപ്രകാരം, കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചേക്കാവുന്ന താഴെ കാണിച്ചിട്ടുള്ള നിരക്കിൽ കൂടാത്ത പ്രകാരമുള്ള നിരക്കിൽ (3)-ാം ഉപവകുപ്പനുസരിച്ചുള്ള ആഡംബര നികുതി ചുമത്തേണ്ടതാകുന്നു.—

**ആഡംബര നികുതി**

(എ) വിദേശമദ്യ (ഇന്ത്യൻ നിർമ്മിതം) വില്പനയ്ക്കുള്ള ഒരു ലൈസൻസ് ഫീസ് എന്ന രീതിയിൽ ചുമത്തുമ്പോൾ—

| | |
|---|---|
| (i) വിദേശമദ്യം മൊത്ത വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 15,000 രൂപ (പതിനയ്യായിരം രൂപ) |
| (ii) ഹോട്ടലുകളിലും റസ്റ്റാറന്റുകളിലും വിദേശമദ്യ വില്പനയ്ക്കുള്ള ലൈസൻസിന് | ഒരു വർഷത്തേക്കോ അഥവാ അതിന്റെ ഭാഗത്തിനോ ആണെങ്കിൽ 12,000 രൂപ (പന്തീരായിരം രൂപ) |

** ** ** **

| | |
|---|---|
| "(ബി) വിദേശമദ്യത്തിന് (ഇന്ത്യൻ നിർമ്മിതം) ഗ്യാലനേജ് ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ | ഓരോ ബൾക്ക് ലിറ്ററിനും 30 രൂപ (മുപ്പത് രൂപ)"; |
| (സി) വിദേശമദ്യം (വിദേശ നിർമ്മിതം) വിൽപ്പന നടത്തുന്നതിനുള്ള ലൈസൻസ് ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ: | |
| (i) മൊത്ത വിൽപ്പനയ്ക്ക് | ഒരു വർഷത്തേക്കോ അതിന്റെ ഭാഗത്തിനോ 25,00,000 രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ) |

** ** ** **

| | |
|---|---|
| (ഡി) ഗാലനേജ് ഫീസിന്റെ രൂപത്തിൽ ചുമത്തുമ്പോൾ: | |
| (i) വൈനും ബിയറും ഒഴികെയുള്ള വിദേശമദ്യം (വിദേശ നിർമ്മിതം) | ഒരു ബൾക്ക് ലിറ്ററിന് 200 രൂപ (ഇരുന്നൂറ് രൂപ) |

** ** ** **

എന്നാൽ, രണ്ട് ലൈസൻസ് കാലാവധി തമ്മിൽ എക്സൈസ് ഡ്യൂട്ടിയിലോ കൗണ്ടർവെയിലിംഗ് ഡ്യൂട്ടിയിലോ ആഡംബര നികുതിയിലോ വ്യത്യാസമുള്ളപക്ഷം, ആദ്യത്തെ കാലാവധി തീരുന്ന സമയത്ത് ലൈസൻസികളുടെ കൈവശമുള്ള വിദേശ മദ്യത്തിന്റെയോ ലഹരി മരുന്നുകളുടെയോ എല്ലാ സ്റ്റോക്കുകളെ സംബന്ധിച്ചും അങ്ങനെയുള്ള വ്യത്യാസം വസൂലാക്കേണ്ടതാണ്.

** ** ** **

വിശദീകരണം:—"വിദേശമദ്യം" (വിദേശ നിർമ്മിതം) എന്ന പദപ്രയോഗത്തിന് വിദേശത്ത് നിർമ്മിച്ചതോ, ഉൽപ്പാദിപ്പിച്ചതോ അല്ലെങ്കിൽ കൂട്ടിക്കലർത്തിയതോ മിശ്രിതമാക്കിയതോ ആയതും കരമാർഗ്ഗമോ വായുമാർഗ്ഗമോ കടൽമാർഗ്ഗമോ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതും ആയ ഏതെങ്കിലും മദ്യം എന്നർത്ഥമാകുന്നു.";

** ** ** **

# 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ്ജ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1957-ലെ 11)

** ** ** **

3. വിക്രയനികുതികളിൻമേലും ക്രയനികുതികളിൻമേലും സർചാർജ്ജ് ചുമത്തൽ.—(1) 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരം, ഒരു വിദേശ മദ്യ വ്യാപാരി നൽകേണ്ടതായ നികുതി പത്തുശതമാനം നിരക്കിലുള്ള സർചാർജ്ജ് ചേർത്ത് വർദ്ധിപ്പിക്കേണ്ടതും, 1963-ലെ കേരള പൊതുവില്പന നികുതി ആക്റ്റ് പ്രകാരം നൽകേണ്ടതായ നികുതിയുടെ കാര്യത്തിലെന്നപോലെ പ്രസ്തുത സർചാർജ്ജിനെ സംബന്ധിച്ചും പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതുമാണ്.

** ** ** **

# 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1959-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റുവിധത്തിൽ ആവശ്യമില്ലാത്തപക്ഷം,—

(എ) "ബോണ്ട് (കടപ്പത്രം)" എന്നതിൽ—

** ** ** **

(എഫ്എഫ്) "ഭൂമിയുടെ ന്യായവില" എന്നാൽ 28എ വകുപ്പിൻ കീഴിൽ നിശ്ചയിച്ച ഭൂമിയുടെ ന്യായവില എന്നർത്ഥമാകുന്നു.

** ** ** **

"28 (ബി) ഫ്ളാറ്റുകളുടെ/അപ്പാർട്ട്മെന്റുകളുടെ മൂല്യനിർണ്ണയം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(i) ഫ്ളാറ്റ്/അപ്പാർട്ട്മെന്റ് ഉൾപ്പെടെയുള്ള വസ്തു കൈമാറ്റം ചെയ്യുന്ന, മുദ്രവില ചുമത്താവുന്ന ഒരു കരണത്തിൽ അതിലെ ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം പൂർണ്ണമായും, ശരിയായും കാണിച്ചിരിക്കേണ്ടതാണ്. ഈ ആവശ്യത്തിലേക്കായി, കരണം ഒപ്പിട്ട് പൂർത്തിയാക്കുന്ന കക്ഷി, ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം നിർണ്ണയിക്കുന്നതിനായി ഒരു ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ ഇതിലേക്കായി വ്യക്തമാക്കാവുന്ന പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനായി സർക്കാർ അധികാരപ്പെടുത്തുന്ന ക്ഷമതയുള്ള ഒരു അധികാരസ്ഥാനം കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച മാനദണ്ഡങ്ങൾക്ക് അനുസൃതമായി നൽകിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്;

(ii) രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ, (i)-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള ഒരു കരണം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി, അതിനോടൊപ്പം ക്ഷമതയുള്ള അധികാര സ്ഥാനം നൽകിയിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും കരണത്തിൽ കാണിച്ചിട്ടുള്ള, അപ്രകാരമുള്ള ഫ്ളാറ്റ്/അപ്പാർട്ട്മെന്റിന്റെ മൂല്യം ക്ഷമതയുള്ള അധികാരസ്ഥാനം തിട്ടപ്പെടുത്തിയിട്ടുള്ള മൂല്യത്തേക്കാൾ കുറവായിട്ടുള്ളതല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.";

** ** ** **

45ബി. വില കുറച്ച് കാണിക്കുന്ന, കരണങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്.—(1) രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഏതെങ്കിലും വസ്തു കൈമാറ്റം ചെയ്യാനുള്ള ഏതെങ്കിലും കരണം രജിസ്റ്റർ ചെയ്യുമ്പോൾ അതതു സംഗതിപോലെ വസ്തുവിന്റെ വിലയോ പ്രതിഫലമോ കരണത്തിൽ സത്യമായിട്ടല്ല പറഞ്ഞിട്ടുള്ളതെന്ന് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് അങ്ങനെയുള്ള കരണം രജിസ്റ്റർ ചെയ്തശേഷം അക്കാര്യം അതതു സംഗതിപോലെ വിലയോ, പ്രതിഫലമോ അതും അതിന്മേൽ അടയ്ക്കേണ്ട ശരിയായ മുദ്രവിലയും നിർണ്ണയിക്കുന്നതിന് കളക്ടർക്ക് റഫർ ചെയ്യാവുന്നതാണ്.

** ** ** **

(5) ഏത് ഉത്തരവിന് എതിരെയാണോ അപ്പീൽ ഫയൽ ചെയ്യേണ്ടത് പ്രസ്തുത ഉത്തരവിന്റെ തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ (4)-ാം ഉപവകുപ്പിൻ കീഴിലുള്ള ഒരു അപ്പീൽ ഫയൽ ചെയ്യേണ്ടതാണ്.

** ** ** **

പട്ടിക

| ക്രമ നമ്പർ | കരണത്തിന്റെ വിവരണം | ശരിയായ മുദ്രവില |
|---|---|---|
| (1) | (2) | (3) |
| | **   **   ** | ** |
| 5 | ഉടമ്പടിയോ, ഉടമ്പടി മെമ്മോറാണ്ടമോ— | |
| | (എ) മാറ്റുപത്രത്തിന്റെ വില്പനയെ സംബന്ധിച്ചതാണെങ്കിൽ: | ഒരു രൂപ |
| | **   **   ** | ** |
| | (ഇ) മറ്റുപ്രകാരത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ | ഇരുനൂറ് രൂപ |
| | **   **   ** | ** |
| 6 | അവകാശധാരങ്ങൾ, ഡെപ്പോസിറ്റ് ചെയ്യുന്നതിനെയോ ഈടുവയ്ക്കുന്നതിനെയോ പണയം വയ്ക്കുന്നതിനെയോ സംബന്ധിച്ച ഉടമ്പടി, അതായത്, താഴെപ്പറയുന്ന ഏതെങ്കിലും ഉടമ്പടികൾക്ക് തെളിവായുള്ള ഏതെങ്കിലും കരണം— | |
| (1) | (വിക്രയം ചെയ്യാവുന്ന ഉറപ്പു പത്രമല്ലാത്ത) ഏതെങ്കിലും വസ്തുവിന് അവകാശം ഉണ്ടാക്കുന്നതോ അവകാശം തെളിയിക്കുന്നതോ ആയ അവകാശാധാരങ്ങളോ കരണങ്ങളോ ഡെപ്പോസിറ്റ് ചെയ്യുന്നതിനോ, അല്ലെങ്കിൽ | |
| (2) | ജംഗമവസ്തുവിന്റെ ഈടുവയ്ക്കലോ പണയം വയ്ക്കലോ അങ്ങനെയുള്ള ഡെപ്പോസിറ്റോ, ഈടോ, പണയമോ, കൊടുത്തതോ കൊടുക്കാൻ പോകുന്നതോ ആയ പണമോ അല്ലെങ്കിൽ ഇപ്പോഴുള്ളതോ ഇനിമേലുണ്ടാക്കാവുന്നതോ ആയ ഒരു കടമോ മടക്കിക്കൊടുക്കുന്നതിനുറപ്പായി വച്ചിരിക്കുന്ന സംഗതിയിൽ— | |

| | |
|---|---|
| (I) ജാമ്യത്തുക 5 ലക്ഷം രൂപ വരെയാണെങ്കിൽ | തുകയുടെ 0.5% |
| (II) ജാമ്യത്തുക 5 ലക്ഷം രൂപയിൽ കവിയുകയും എന്നാൽ 20 ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ | 5,000 രൂപയെന്ന പരമാവധിക്കു വിധേയമായി തുകയുടെ 0.5% |
| (III) ജാമ്യത്തുക 20 ലക്ഷം രൂപയിൽ കവിയുകയും എന്നാൽ 50 ലക്ഷം രൂപയിൽ കവിയാതിരിക്കുകയും ചെയ്താൽ | 10,000 രൂപയെന്ന പരമാവധിക്കു വിധേയമായി തുകയുടെ 0.5% |
| (IV) ജാമ്യത്തുക 50 ലക്ഷം രൂപയിൽ കവിയുകയാണെങ്കിൽ | ഏറ്റവും കുറഞ്ഞത് 20,000 രൂപയെന്നതിനും പരമാവധി 25,000 രൂപയെന്നതിനും വിധേയമായി തുകയുടെ 0.25%. |

** ** ** **

31. "<u>ഇഷ്ടദാനം</u>—ഒരു ധനനിശ്ചയാധാരമോ വിൽപ്പത്രമോ അല്ലെങ്കിൽ കൈമാറ്റാധാരമോ അല്ലാത്തത്,

(എ) ഇഷ്ടദാനം, ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി അല്ലെങ്കിൽ ചെറുമക്കൾ എന്നിവരുടെ പേർക്കാവുന്നിടത്ത്,—

| | |
|---|---|
| (i) കരണം മുഖേന കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറോ അതിൽ കുറവോ ആകുന്നപക്ഷം, | പരമാവധി 1000 രൂപക്ക് വിധേയമായി, വസ്തുവിന്റെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ് വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെ വിലയും, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ, |

(ii) കരണം മുഖേന കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറിന് മുകളിലാണെങ്കിൽ, | വസ്തുവിന്റെ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റ് വസ്തുക്കളുടെയും വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില, ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ

(ബി) മറ്റേതെങ്കിലും സംഗതിയിൽ | തീറാധാരത്തിനുള്ള അതേ മുദ്രവില (അതതു സംഗതിപോലെ നമ്പർ 21 അഥവാ നമ്പർ 22)";

** ** ** **

33. പാട്ടച്ചാർത്ത്—ഇതിൽ ഒരു കീഴ്ച്ചാർത്തും അല്ലെങ്കിൽ അടിച്ചാർത്തും പാട്ടത്തിനോ കീഴ്പാട്ടത്തിനോ കൊടുപ്പാനുള്ള വല്ല കരാരും ഉൾപ്പെടാം. | ആ പാട്ടച്ചാർത്ത് പ്രകാരം അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യേണ്ടുന്ന ഒട്ടാകെ സംഖ്യയ്ക്ക് (14-ാം നമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ.

(എ) ആ ചാർത്തിനാൽ പാട്ടം നിശ്ചയിച്ചിരിക്കുകയും പ്രീമിയം ഒന്നും അടയ്ക്കുകയോ, കൊടുക്കുകയോ ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ—

(i) ചാർത്ത് ഒരു കൊല്ലത്തിൽ കുറഞ്ഞ ഒരു കാലത്തേക്കായാൽ

** ** ** **

(സി) ചാർത്ത് നിശ്ചയിച്ച് പാട്ടത്തിനുപുറമേ ഒരു മാനുഷമോ, പ്രീമിയമോ വാങ്ങിയിട്ടോ പണം മുൻകൂട്ടി കൊടുത്തിട്ടോ ആയിരിക്കുമ്പോൾ; | മാനുഷമോ, പ്രീമിയമോ, മുൻകൂറോ അടയ്ക്കുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ചാർത്തിൻമേൽ അടക്കേണ്ടിവരുമായിരുന്ന മുദ്രവിലയ്ക്കു പുറമേ ചാർത്തിൽ പറയുന്ന മാനുഷത്തിന്റെയോ, പ്രീമിയത്തിന്റെയോ, മുൻകൂറിന്റെയോ സംഖ്യയ്ക്കോ വിലയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിന്നായുള്ള (അതതു സംഗതി പോലെ 21-ാം നമ്പർ അല്ലെങ്കിൽ 22-ാം നമ്പർ) തീറാധാരത്തിനുള്ള മുദ്രവില തന്നെ

എന്നാൽ പാട്ടത്തിന് വിടുവാനുള്ള ഒരു ഉടമ്പടിയിൽ ഒരു പാട്ടച്ചാർത്തിന് വേണ്ടുന്ന വിലപ്രകാരമുള്ള മുദ്ര പതിച്ചിരിക്കുകയും ആ ഉടമ്പടി പ്രകാരം ഒരു പാട്ടച്ചാർത്ത് പിന്നെ എഴുതി കൊടുക്കുകയും ചെയ്യുന്ന വല്ല സംഗതിയിലും ആ പാട്ടച്ചാർത്തിന് വേണ്ടുന്ന മുദ്രവില ഒരുരൂപ തൊണ്ണൂറ്റഞ്ച് പൈസയിൽ കവിയുമ്പോൾ പാടില്ല.

വിശദീകരണം:—പാട്ടത്തിന് കൊടുത്ത ആളിൽ നിന്നും നിയമാനുസരണം വസൂലാക്കേണ്ട ഗവൺമെന്റ് നികുതിയോ, ജന്മി കൊടുക്കേണ്ട വരിയുടെ ഓഹരിയോ അല്ലെങ്കിൽ ഉടമസ്ഥൻ കൊടുക്കേണ്ട മുൻസിപ്പൽ കരത്തിന്റെയോ, നികുതിയുടെയോ, ഓഹരിയുടെയോ പോലുള്ള എന്തെങ്കിലും ആവർത്തന ചിലവ് ഒരു പാട്ടക്കാരൻ കൊടുക്കാമെന്ന് ഏൽക്കുമ്പോൾ പാട്ടക്കാരൻ അപ്രകാരം കൊടുക്കാൻ സമ്മതിച്ച സംഖ്യ പാട്ടത്തിന്റെ ഭാഗമായി കണക്കാക്കണം.

** ** ** **

42. "ഭാഗപത്രം 2 (കെ) എന്ന വകുപ്പിൽ നിർവചിക്കപ്പെട്ട പ്രകാരമുള്ള കരണം.

(എ) ഭാഗം കുടുംബാംഗങ്ങൾ എല്ലാവരും തമ്മിലോ അല്ലെങ്കിൽ അംഗങ്ങളിൽ ചിലർ തമ്മിലോ ആയിരിക്കുന്നിടത്ത്—

(i) കരണം മുഖേന ഭാഗം ചെയ്യപ്പെട്ട വസ്തുവിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറോ അതിൽ കുറവോ ആകുന്ന പക്ഷം.

പരമാവധി 1000 രൂപയ്ക്ക് വിധേയമായി, വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള അത്തരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ, അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ";

(ii) കരണം മുഖേന ഭാഗം ചെയ്യപ്പെട്ട വസ്തുവിൽ ഉൾപ്പെട്ട ഭൂമി അഞ്ച് ഏക്കറിന് മുകളിലായിരിക്കുന്ന പക്ഷം.

വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയും കരണത്തിൽ കാണിച്ചിട്ടുള്ള അത്തരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ കരണത്തിൽ കാണിച്ച പ്രകാരം വേർതിരിക്കപ്പെട്ട ഓഹരിയിലെയോ ഓഹരികളിലെയോ എല്ലാ വസ്തുക്കളുടെയും വിലയോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ";

| | |
|---|---|
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ ഓഹരികളുടെയോ ന്യായവിലയോ അല്ലെങ്കിൽ മൂല്യത്തുകയോ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപക്കോ അതിന്റെ ഭാഗത്തിനോ ആറ് രൂപ"; |

"വിശദീകരണം.—കുടുംബം എന്നാൽ, അതതുസംഗതിപോലെ, അച്ഛൻ, അമ്മ, അച്ഛന്റെയോ, അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, ചെറുമക്കൾ, സഹോദരൻ, സഹോദരി എന്നിവരും മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ ആരെങ്കിലും ഉണ്ടെങ്കിൽ അവരും എന്നർത്ഥമാകുന്നു.";

** ** ** **

44. മുക്ത്യാർനാമം [2(പി) എന്ന വകുപ്പിനാൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള പ്രോക്സി അല്ലാത്തത്]

** ** ** **

| | |
|---|---|
| (സി) ഒന്നിലധികം ഇടപാടുകളിലോ, സാമാന്യമായോ, കൂട്ടായിട്ടും വെവ്വേറെയായും പ്രവർത്തിക്കുവാൻ അഞ്ചിലധികമല്ലാതുള്ള ആളുകളെ അധികാരപ്പെടുത്തുമ്പോൾ | മുന്നൂറ് രൂപ |

** ** ** **

| | |
|---|---|
| (ജി) മറ്റു വല്ല സംഗതിയിലും | അധികാരപ്പെടുത്തുന്ന ഓരോ ആൾക്കും മുന്നൂറ് രൂപ വീതം |

** ** ** **

48. "ഒഴിമുറി അതായത്, (24-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള ഒരു ഒഴിമുറിയില്ലാത്ത) മറ്റൊരാളിന്മേൽ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക വസ്തുവിന്മേലുള്ള ഒരു അവകാശം ത്യജിച്ചുകൊണ്ടുള്ള ഏതെങ്കിലും കരണം.

(എ) അങ്ങനെയുള്ള ഒഴിമുറി, ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ, അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ, അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി,

| | |
|---|---|
| | ചെറുമക്കൾ അല്ലെങ്കിൽ മരിച്ചുപോയ മക്കളുടെ നിയമാനുസൃത അവകാശികൾ എന്നിവരുടെ പേർക്കാകുമ്പോൾ— |
| (i) കരണം മുഖേന അവകാശം തൃജിച്ച വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറോ അതിൽ കുറവോ ആകുന്ന പക്ഷം, | പരമാവധി 1000 രൂപയ്ക്ക് വിധേയമായി, അവകാശം തൃജിച്ചതിന് ആനുപാതികമായി അവകാശം തൃജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അവകാശം തൃജിച്ചതിന് ആനുപാതികമായി അവകാശം തൃജിച്ച എല്ലാ വസ്തുക്കളുടെയും വിലയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിയ്ക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ. |
| (ii) കരണം മുഖേന അവകാശം തൃജിച്ച വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറിന് മുകളിലാകുന്നിടത്ത് | അവകാശം തൃജിച്ചതിന് ആനുപാതികമായി അവകാശം തൃജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ, അവകാശം തൃജിച്ചതിന് ആനുപാതികമായി അവകാശം തൃജിച്ച എല്ലാ വസ്തുക്കളുടെയും വിലയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിയ്ക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ ഒരു രൂപ |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | അവകാശം തൃജിച്ചതിന് ആനുപാതികമായി, അവകാശം തൃജിച്ച ഭൂമിയുടെ ന്യായവിലയുടെയും മറ്റു വസ്തുക്കളുടെ വിലയുടെയും തുകയോ അവകാശവാദമോ അല്ലെങ്കിൽ ഒഴിമുറിക്കുള്ള പ്രതിഫലമോ ഇവയിൽ ഏതാണോ കൂടുതൽ അതിന് തീറാധാരത്തിനുള്ള അതേ മുദ്രവില (അതതുസംഗതിപോലെ നമ്പർ 21 അഥവാ നമ്പർ 20)” |

**　　**　　**　　**

51. ധനനിശ്ചയാധാരം,—

എ കരണം (ഡവർ സംബന്ധിച്ച ആധാരം ഉൾപ്പെടെ)

(എ) ധനനിശ്ചയാധാരം ഒരാളുടെ അച്ഛൻ, അമ്മ, അച്ഛന്റെയോ, അമ്മയുടെയോ അച്ഛൻ, അച്ഛന്റെയോ അമ്മയുടെയോ അമ്മ, ഭർത്താവ്, ഭാര്യ, മകൻ, മകൾ, സഹോദരൻ, സഹോദരി, ചെറുമക്കൾ എന്നിവരുടെ പേർക്കാകുമ്പോൾ,

| | |
|---|---|
| (i) കരണം മുഖേന ധനനിശ്ചയം ചെയ്ത വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറോ അതിൽ കുറവോ ആകുമ്പോൾ, | പരമാവധി 1000 രൂപയ്ക്ക് വിധേയമായി, കരണത്തിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെ വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ."; |
| (ii) കരണം മുഖേന ധനനിശ്ചയം ചെയ്ത വസ്തുവിൽ ഉൾപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം അഞ്ച് ഏക്കറിന് മുകളിലാകുമ്പോൾ, | ഭൂമിയുടെ ന്യായവിലയുടെയും കരണത്തിൽ കാണിച്ചിട്ടുള്ള മറ്റു വസ്തുക്കളുടെയും വിലയും അല്ലെങ്കിൽ അങ്ങനെയുള്ള കരണത്തിൽ കാണിച്ചിട്ടുള്ള എല്ലാ വസ്തുക്കളുടെയും വില ഇവയിൽ ഏതാണോ കൂടുതൽ അതിന്റെ ഓരോ 100 രൂപയ്ക്കോ അതിന്റെ ഭാഗത്തിനോ രണ്ട് രൂപ."; |
| (ബി) മറ്റേതെങ്കിലും സംഗതിയിൽ | "കരണത്തിൽ കാണിച്ചിട്ടുള്ള ധനനിശ്ചയം ചെയ്ത വസ്തുക്കളുടെ തുക അല്ലെങ്കിൽ മൂല്യം അല്ലെങ്കിൽ ഭൂമിയുടെ ന്യായവില ഇവയിൽ ഏതാണോ കൂടുതൽ അതിന് കപ്പൽപ്പണയാധാരത്തിനുള്ള അതേ മുദ്രവില (നമ്പർ 14)."; |

**        **        **

54. പാട്ടം ഒഴിമുറി കൊടുക്കൽ—

| | |
|---|---|
| (എ) പാട്ടച്ചാർത്തിന് ചുമത്തേണ്ട മുദ്രവില 100 രൂപയിൽ കവിയാത്തപ്പോൾ | ആ പാട്ടച്ചാർത്തിന് ചുമത്തേണ്ട മുദ്രവില |
| (ബി) മറ്റേതൊരു സംഗതിയിലും | ഇരുന്നൂറ്റി അൻപത് രൂപ |

**        **        **

# 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1960-ലെ 10)

** ** ** **

പട്ടിക I

| അനുച്ഛേദം | ഇനം | ഉചിതമായ ഫീസ് |
|---|---|---|
| (1) | (2) | (3) |

** ** ** **

പട്ടിക II

1 ** ** **]

2 ** ** **]

** ** ** **

| | | |
|---|---|---|
| 18. | കേവിയേറ്റ് | അമ്പത് രൂപ |

** ** ** **

# 1961-ലെ കേരള ഭൂ നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1961-ലെ 13)

** ** ** **

6. അടിസ്ഥാന നികുതി നിരക്ക്.—

"(1) 7-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, 5-ാം വകുപ്പ് പ്രകാരം പ്രതിവർഷം ചുമത്തപ്പെടുന്നതും ഈടാക്കുന്നതുമായ അടിസ്ഥാന നികുതി താഴെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കുകളിൽ ആയിരിക്കുന്നതാണ്:

പട്ടിക

I. പഞ്ചായത്ത് പ്രദേശങ്ങളിൽ:

| | |
|---|---|
| 8 ആർ വരെ | ഓരോ ആറിനും 1 രൂപ |
| 2 ഹെക്ടർ വരെ | ഓരോ ആറിനും 2 രൂപ |
| 2 ഹെക്ടറിനു മുകളിൽ | 400 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 5 രൂപ വീതവും |

II. ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ:

| | |
|---|---|
| 3 ആർ വരെ | ഓരോ ആറിനും 2 രൂപ |
| 2 ഹെക്ടർ വരെ | ഓരോ ആറിനും 4 രൂപ |
| 2 ഹെക്ടറിനു മുകളിൽ | 800 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 10 രൂപ വീതവും |

III. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ :

| | |
|---|---|
| 2 ആർ വരെ | ഓരോ ആറിനും 4 രൂപ |
| 2 ഹെക്ടർ വരെ | ഓരോ ആറിനും 8 രൂപ |
| 2 ഹെക്ടറിനു മുകളിൽ | 1600 രൂപയും രണ്ട് ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 20 രൂപ വീതവും |

കുറിപ്പ്:—2014 സെപ്റ്റംബർ 30-ാം തീയതിയോ അതിനുശേഷമോ നൽകിയിട്ടുള്ള ഏതെങ്കിലും അധിക നികുതി, ഭാവിയിൽ നൽകേണ്ടതായ നികുതി തുകയിലേക്ക് വക കൊള്ളിക്കാവുന്നതാണ്.".

** ** ** **

# 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1963-ലെ 15)

** ** ** **

23ബി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2005 മാർച്ച് 31-ാം തീയതി അവസാനിക്കുന്ന കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റോ 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റോ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന് താഴെപ്പറയുന്ന നിരക്കുകളിലുള്ള കുറവ് ചെയ്യൽ പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനുവേണ്ടി ഇച്ഛാനുസരണം തെരഞ്ഞെടുക്കാവുന്നതാണ്:

എന്നാൽ, ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിന് ഈ വകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.";

** ** ** **

(3) (1)-ാം ഉപവകുപ്പുപ്രകാരം കുടിശ്ശിക അടയ്ക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യാപാരി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ 2017 ഡിസംബർ 31-ാം തീയതിക്ക് മുൻപോ അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന തീയതിക്ക് മുൻപോ നികുതിനിർണ്ണയ അധികാരിക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ, നികുതി നിർണ്ണയ അധികാരി ആയത് പരിശോധിക്കേണ്ടതും കിട്ടാനുള്ള തുക നികുതിദായകനെ അറിയിക്കേണ്ടതും, നികുതിദായകൻ 2017 ഡിസംബർ 31-ാം തീയതിയോ അതിനു മുൻപോ ആ തുക മൊത്തമായോ മൂന്ന് തുല്യ ഗഡുക്കളായോ അടയ്ക്കേണ്ടതുമാണ്.

** ** ** **

## പട്ടിക

[5 (1)-ാം വകുപ്പ്]

### 5-ാം വകുപ്പുപ്രകാരം നികുതി ചുമത്താവുന്ന സാധനങ്ങൾ

| ക്രമ നമ്പർ | ഉപ ഉൾക്കുറിപ്പ് | സാധനങ്ങളുടെ വിവരണം | നികുതിയുടെ നിരക്ക് (ശതമാനം) |
|---|---|---|---|
| 1. | | പെട്രോളിയം ഉൽപ്പന്നങ്ങൾ: | |
| | (i) | ഏവിയേഷൻ ടർബൈൻ ഫ്യൂവൽ | 34 |
| | (ii) | ഹൈസ്പീഡ് ഡീസൽ ഓയിൽ | 40 |
| | (iii) | "മോട്ടോർ സ്പിരിറ്റ് (സാധാരണയായി പെട്രോൾ എന്ന് അറിയപ്പെടുന്നു)"; | 50 |
| 2. | | വിദേശമദ്യം: | |
| | (i) | ബീയറും വൈനും | 70 |
| | (ii) | കെയ്സ് ഒന്നിന് 400 രൂപയോ അതിൽ കൂടുതലോ ക്രയമൂല്യം ഉള്ള ബിയറും വൈനും ഒഴികെ | 135 |
| | (iii) | മുകളിൽ (i)-ഉം (ii)-ഉം ഇനങ്ങളിൽ പെടാത്ത മറ്റ് വിദേശമദ്യങ്ങൾ | 125 |

വിശദീകരണം.—ഈ പട്ടികയുടെ ആവശ്യത്തിലേക്കായി,—

(i)"കെയ്സ്" എന്നാൽ ഓരോന്നിലും 180 മില്ലീലിറ്റർ വീതമുള്ള 48 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 375 മില്ലീലിറ്റർ വീതമുള്ള 24 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 500 മില്ലീലിറ്റർ വീതമുള്ള 18 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 750 മില്ലീലിറ്റർ വീതമുള്ള 12 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1000 മില്ലീലിറ്റർ വീതമുള്ള 9 ബോട്ടിലുകൾ അല്ലെങ്കിൽ ഓരോന്നിലും 1500 മില്ലീലിറ്റർ വീതമുള്ള 6 ബോട്ടിലുകൾ എന്നർത്ഥമാകുന്നു;

(ii)"ക്രയമൂല്യം" എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് അങ്ങനെയുള്ള മദ്യം വിതരണക്കാരിൽനിന്ന് ഏത് വിലയ്ക്കാണോ വാങ്ങുന്നത് ആ വില എന്നർത്ഥമാകുന്നതും ഏതെങ്കിലും മദ്യം വാങ്ങിയത് കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് അല്ലാത്ത സംഗതിയിൽ 1077-ലെ അബ്കാരി ആക്റ്റ് (1077-ലെ 1) പ്രകാരം ഡ്യൂട്ടി ചുമത്തുന്ന ആവശ്യത്തിനായി എക്സൈസ് കമ്മീഷണർ നിജപ്പെടുത്തിയ അങ്ങനെയുള്ള വില എന്നർത്ഥമാകുന്നതുമാണ്.".

** ** ** **

# 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

## (1976-ലെ 19)

** ** ** **

3. <u>നികുതി ചുമത്തൽ.</u>—(1) ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഈ ആക്റ്റ് നടപ്പിൽ വരുന്ന തീയതിയിലും അന്നു മുതൽക്കും സംസ്ഥാനത്ത് ഉപയോഗിച്ചുവരുന്നതോ അഥവാ ഉപയോഗത്തിനായി സൂക്ഷിക്കപ്പെട്ടിരിക്കുന്നതോ ആയ എല്ലാ മോട്ടോർ വാഹനങ്ങൾക്കും പട്ടികയിൽ പ്രസ്തുത വാഹനത്തിന് കാണിച്ചിരിക്കുന്ന നികുതി ചുമത്തേണ്ടതാണ്;

** ** ** **

എന്നുമാത്രമല്ല, പട്ടികയിലെ 1, 2, 6, 7(i) (ബി), 7(i)(സി), 10(iii), 11(i) എന്നീ ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഭാഗങ്ങളിലെ ഒരു പുതിയ മോട്ടോർ വാഹനത്തെ സംബന്ധിച്ച്, വാഹനം ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് 1-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ വാഹനം വാങ്ങിയ തീയതി മുതൽ ഒറ്റത്തവണ നികുതി ചുമത്തേണ്ടതും അതിനുശേഷം അങ്ങനെയുള്ള വാഹനത്തിന്റെ രജിസ്ട്രേഷൻ പുതുക്കുന്ന സമയത്ത് അല്ലെങ്കിൽ നേരത്തെ അടച്ച ലൈഫ് ടൈം നികുതിയുടെ കാലാവധി തീരുന്നമുറയ്ക്ക് 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ നാലാമത്തെ ക്ലിപ്തനിബന്ധനപ്രകാരം പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി ചുമത്തേണ്ടതുമാണ്.;

എന്നിരുന്നാലും പട്ടികയിലെ (1)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ മോട്ടോർ സൈക്കിളുകൾ, (2)-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ ത്രിചക്ര വാഹനങ്ങൾ, 11(i) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ മോട്ടോർ കാറുകൾ എന്നിവയെ സംബന്ധിച്ച് നികുതി അടച്ച കാലാവധി അവസാനിച്ചതിനുശേഷമുള്ള അഞ്ച് വർഷക്കാലയളവിലേക്ക് മുൻകൂർ നികുതി II-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ചുമത്തേണ്ടതും 3(i)(എ) മുതൽ 3(i)(ഇ) വരെയും 3(ii)(എ) മുതൽ 3(ii)(ഇ) വരെയും ഉള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ചരക്കു വാഹനങ്ങൾ, 7(i)(എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകൾ എന്നിവയ്ക്ക് വാഹനം ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സമയത്ത് II-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അഞ്ച് വർഷക്കാലയളവിലേക്കുള്ള മുൻകൂർ നികുതി ചുമത്തേണ്ടതും അതിനുശേഷം 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഏഴാം ക്ലിപ്ത നിബന്ധനയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അഞ്ച് വർഷത്തേക്കോ ഒരു വർഷത്തേക്കോ നികുതി ചുമത്തേണ്ടതുമാണ്.

** ** ** **

കുറിപ്പ്:—ഇത് 2016 ജൂലൈ 18-ാം തീയതിയിലും അന്നു മുതലും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

** ** ** **

(5) ഒരു മോട്ടോർ വാഹനത്തെ സംബന്ധിച്ച് താൽക്കാലിക ലൈസൻസിൽ നൽകേണ്ടതായ നികുതി,—

(എ) താൽക്കാലിക ലൈസൻസ് ഏഴു ദിവസത്തിൽ കവിയാത്ത കാലത്തേക്കാണെങ്കിൽ ആ മോട്ടോർ വാഹനത്തിന് മൂന്ന് മാസക്കാലത്തേക്കുള്ള നികുതിയുടെ പത്തിലൊന്നുഭാഗം എന്ന നിരക്കിലും;

(ബി) താൽക്കാലിക ലൈസൻസ് ഏഴു ദിവസങ്ങളിൽ കവിയുന്നതും മുപ്പതു ദിവസത്തിൽ കവിയാത്തതുമായ കാലത്തേക്കുള്ളതാണെങ്കിൽ, ആ മോട്ടോർ വാഹനത്തിന് മൂന്നു മാസക്കാലത്തേക്കുള്ള നികുതിയുടെ മൂന്നിലൊന്ന് എന്ന നിരക്കിലും ആയിരിക്കേണ്ടതാണ്:

** ** ** **

"എന്നുമാത്രമല്ല, 1988-ലെ മോട്ടോർ വാഹന ആക്റ്റിലെ (1988-ലെ 59-ാം കേന്ദ്ര ആക്റ്റ്), 88-ാം വകുപ്പ്, (9)-ാം ഉപവകുപ്പ് പ്രകാരം പെർമിറ്റ് ഉള്ളതും കേരള സംസ്ഥാനത്തല്ലാതെ മറ്റ് ഏതെങ്കിലും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും കേരള സംസ്ഥാനത്ത് പ്രവേശിക്കുകയും അവിടെ തങ്ങുകയും ചെയ്യുന്ന വാഹനങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള വാഹനങ്ങൾക്ക് പ്രവേശന തീയതി മുതൽ ത്രൈമാസത്തിന്റെ അവസാനം വരെ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ നികുതി നൽകേണ്ടതാണ്.".

** ** ** **

** ** ** **

(7) സംസ്ഥാനത്തിൽ താൽക്കാലിക ഉപയോഗത്തിനായി മറ്റ് ഏതെങ്കിലും രാജ്യത്തിൽ നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന മോട്ടോർ വാഹനങ്ങളുടെ സംഗതിയിൽ, പട്ടികയിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ഒരു ഹ്രസ്വകാല നികുതി ചുമത്തേണ്ടതാണ്.".

** ** ** **

4. <u>നികുതി കൊടുക്കലും ലൈസൻസ് നൽകലും</u>.—(1) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചുമത്തപ്പെടുന്ന നികുതി രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അഥവാ വാഹനത്തിന്റെ കൈവശമോ അഥവാ നിയന്ത്രണമോ ഉള്ള ആളോ മുൻകൂറായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകവും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും മൂന്നു മാസക്കാലത്തേക്കോ അഥവാ ഒരു വർഷത്തേക്കോ തന്റെ ഇച്ഛാനുസരണം മൂന്ന് മാസക്കാലത്തേക്ക് ലൈസൻസോ അഥവാ വാർഷിക ലൈസൻസോ എടുത്തുകൊണ്ട് നൽകേണ്ടതാണ്.

** ** ** **

എന്നുമാത്രമല്ല മോട്ടോർ സൈക്കിൾ അല്ലാതെയുള്ള (മോട്ടോർ സ്കൂട്ടറും യന്ത്ര ശക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനുവേണ്ട സാമഗ്രി ഘടിപ്പിച്ച സൈക്കിളും ഉൾപ്പെടെ) ഒരു മോട്ടോർ വാഹനത്തെയോ പട്ടികയിൽ 1-ഉം 2-ഉം ഇനങ്ങളിൽ പറഞ്ഞിട്ടുള്ള ഒരു ത്രിചക്ര വാഹനത്തെയോ അല്ലെങ്കിൽ പട്ടികയിൽ 11-ാം ഇനത്തിൽ പറഞ്ഞിട്ടുള്ള ഒരു മോട്ടോർ കാറിനെയോ സംബന്ധിച്ച് ഒരു വർഷം നൽകേണ്ടതായ നികുതി ആയിരത്തി അഞ്ഞൂറ് രൂപയിൽ കവിയാത്തിടത്ത്, നികുതി ഒരു വാർഷിക ലൈസൻസിൻമേൽ വാർഷികമായി നൽകേണ്ടതുമാണ്:

എന്നുതന്നെയുമല്ല, ഒരു മോട്ടോർ വാഹനത്തിന്റെ ഒരു രജിസ്റ്റേർഡ് ഉടമയ്ക്കോ കൈവശാവകാശമോ നിയന്ത്രണമോ ഉള്ള ആൾക്കോ അയാളുടെ/അവളുടെ ഇഷ്ടപ്രകാരം രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം കൊടുക്കേണ്ട വാർഷിക നികുതി 5 വർഷം വരെയുള്ള കാലയളവിലേക്ക്, അപ്രകാരമുള്ള കാലയളവിലേക്കുള്ള ഒരു ലൈസൻസിൻമേൽ മുൻകൂർ കൊടുക്കാവുന്നതുമാണ്:

എന്നിരുന്നാൽത്തന്നെയും പട്ടികയിലെ 1-ാം ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള സാധനങ്ങളെയോ അല്ലെങ്കിൽ യാത്രക്കാരെയോ കൊണ്ടുപോകാൻ ഉപയോഗിക്കാത്ത ത്രിചക്ര വാഹനങ്ങളുടെയോ (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിന് ഘടിപ്പിച്ചിട്ടുള്ള ത്രിചക്ര സൈക്കിളുകളും സൈക്കിൾ റിക്ഷകളും ഉൾപ്പെടെ)" അല്ലെങ്കിൽ പട്ടികയിൽ (3)(i) (എ) മുതൽ 3(i)(ഇ) വരെയും 3(ii)(എ) മുതൽ 3(ii)(ഇ) വരെയുള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ചരക്ക് വാഹനങ്ങളുടെയോ 7(i)(എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പുതിയ ആട്ടോറിക്ഷകളുടെയോ അല്ലെങ്കിൽ 11(i) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള പഴയ മോട്ടോർ കാറുകളുടെയോ രജിസ്റ്റർ ചെയ്ത ഉടമസ്ഥനോ അല്ലെങ്കിൽ അതിന്റെ കൈവശമോ നിയന്ത്രണമോ ഉള്ള ആളോ അത്തരം വാഹനങ്ങളെ സംബന്ധിച്ച് കൊടുക്കേണ്ടതായ അഞ്ചു വർഷത്തേക്കുള്ള മൊത്ത നികുതി മുൻകൂറായി അങ്ങനെ ഉള്ള കാലാവധിയിലേക്കുള്ള ഒരു ലൈസൻസിൻമേൽ അടയ്ക്കേണ്ടതാണ്."

** ** ** **

"എന്നിരുന്നാലും പട്ടികയിലെ 3(i)(എ) മുതൽ 3(i)(ഇ) വരെയും 3(ii)(എ) മുതൽ 3(ii)(ഇ) വരെയുള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ചരക്ക് വാഹനങ്ങളെയും 7(i)(എ) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ആട്ടോറിക്ഷകളെയും 7(i)(ബി) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള മോട്ടോർ ക്യാബിനെയും 7(i)(സി) ഇനത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ടൂറിസ്റ്റ് മോട്ടോർ ക്യാബിനെയും സംബന്ധിച്ച് ഉടമസ്ഥനോ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനായ ആൾക്കോ II-ാം അനുബന്ധത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ അഞ്ച് വർഷത്തേക്കുള്ള നികുതി മൊത്തമായി അടയ്ക്കുന്നതിനോ പട്ടികയിൽ, യഥാക്രമം 3(i)(എ) മുതൽ 3(i)(ഇ) വരെയും 3(ii)(എ) മുതൽ 3(ii)(ഇ) വരെയും 7(i)(എ) മുതൽ 7(i) (സി) വരെയും ഉള്ള ഇനങ്ങളിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിൽ ഒരു വർഷത്തേക്ക് നികുതി അടയ്ക്കുന്നതിനോ ഇച്ഛാനുസരണം തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്";

** ** ** **

## പട്ടിക

[വകുപ്പ് 3(1) കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | ത്രൈമാസ നികുതി നിരക്ക് (രൂപയിൽ) |
|---|---|---|
| "1. | മോട്ടോർ സൈക്കിളുകൾ (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ മോട്ടോർ സ്കൂട്ടറുകളും സൈക്കിളുകളും ഉൾപ്പെടെ) | 45.00 |
| 2. | ചരക്കുകളുടെയോ യാത്രക്കാരുടെയോ ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത ത്രിചക്ര വാഹനം (യന്ത്രശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ ത്രിചക്ര സൈക്കിളുകളും സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) | 45.00 |

| | | | | | | |
|---|---|---|---|---|---|---|
| "3 | ഗുഡ്സ് ക്യാരിയേജുകൾ | | | | | |
| (i) | ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ചിട്ടില്ലാത്ത ഗുഡ്സ് ക്യാരിയേജുകൾ | | | | | |
| | ** | | ** | ** | | ** |
| (ii) | ടിപ്പിംഗ് സംവിധാനം ഘടിപ്പിച്ചിട്ടുള്ള ഗുഡ്സ് ക്യാരിയേജുകൾ (ടിപ്പർ ഗുഡ്സ് ക്യാരിയേജുകൾ) | | | | | |
| (എ) | മോട്ടോർ സൈക്കിൾ ട്രക്കുകൾ | | | 300 കിലോ ഗ്രാമിൽ അധികരിക്കാത്ത | വാഹനത്തോടു കൂടിയ മൊത്ത ഭാരം | 190.00 |
| | ** | | ** | ** | | ** |
| (ക്യൂ) | " | 1500 കിലോ ഗ്രാമിൽ | അധികരിക്കുന്ന | | വാഹനത്തോടു കൂടിയ മൊത്ത ഭാരം | 4240.00+15000 കിലോ ഗ്രാമിൽ അധികമുള്ള ഓരോ 250 കിലോ ഗ്രാമിനും അല്ലെങ്കിൽ അതിന്റെ ഭാഗത്തിനും 160 രൂപ. |

** ** ** **

7 1988-ലെ മോട്ടോർ വാഹനനിയമത്തിൻ കീഴിൽ പെർമിറ്റുകൾ നൽകിയിട്ടുള്ളതും വാടകയ്ക്കായി ഓടിക്കുന്നതും യാത്രക്കാരെ പരിവഹണം നടത്തുന്നതിന് ഉപയോഗിക്കുന്നതുമായ മോട്ടോർ വാഹനങ്ങൾ

"(1) . കോൺട്രാക്റ്റ് ക്യാരിയേജ് ആയി മാത്രം ഓടിക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങൾ

(എ) 3-ൽ കൂടുതൽ അല്ലാത്ത യാത്രക്കാരെ വഹിച്ചു കൊണ്ടുപോകുന്നവയും (ആട്ടോറിക്ഷ) 125.00

** ** ** **

"14. സംസ്ഥാനത്ത് താൽക്കാലിക ഉപയോഗത്തിനായി മറ്റേതെങ്കിലും രാജ്യത്തിൽനിന്നും സംസ്ഥാനത്തേക്ക് കൊണ്ടു വരുന്ന മോട്ടോർ വാഹനങ്ങൾ.—

(എ) ആദ്യത്തെ ഒരു മാസത്തേക്കോ അതിന്റെ ഒരു ഭാഗത്തിനോ തങ്ങുന്നതിന് 10000.00

(ബി) തുടർന്നുവരുന്ന ഓരോ മാസത്തേക്കോ അതിന്റെ ഭാഗത്തിനോ തങ്ങുന്നതിന് 5000.00":

** ** ** **

## "അനുബന്ധം II

## മൊത്തം നികുതി

[3(1), 4(1) എന്നീ വകുപ്പുകളുടെ ക്ലിപ്ത നിബന്ധനകൾ കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ വിഭാഗം | 5 വർഷത്തേക്കുള്ള നികുതി നിരക്ക് (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| എ | പഴയ മോട്ടോർ സൈക്കിളുകളും (യന്ത്ര ശക്തിയാൽ അവ ചലിപ്പിക്കുന്നതിനുള്ള കൂട്ടിച്ചേർക്കലുകളോടു കൂടിയ മോട്ടോർ സ്കൂട്ടറുകളും സൈക്കിളുകളും ഉൾപ്പെടെ) സൈഡ് കാറോടുകൂടിയതോ അല്ലാത്തതോ അല്ലെങ്കിൽ ട്രയിലറിൽ ഘടിപ്പിച്ചിരിക്കുന്നതോ ആയ എല്ലാ തരത്തിലുമുള്ള ബൈസൈക്കിളുകളും | 900 |
| ** | ** ** | ** |
| സി | പുതിയ ആട്ടോറിക്ഷകളും 2010 ഏപ്രിൽ 1-നോ അതിനുശേഷമോ മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുകയും കേരള സംസ്ഥാനത്തേക്ക് സ്ഥലം മാറ്റി കൊണ്ടു വരികയും ചെയ്തിട്ടുള്ള ആട്ടോറിക്ഷകളും | 2000 |

** ** ** **

540/2018.

| | | |
|---|---|---|
| "I | മൊത്ത വാഹനഭാരം (ജി.വി.ഡബ്ല്യു.) 3000 കിലോഗ്രാം വരെയുള്ള ഗുഡ്സ് ക്യാരിയേജുകൾ | |
| (i) | 300 കിലോഗ്രാമിൽ അധികരിക്കാത്ത മോട്ടോർ സൈക്കിൾ ട്രക്കുകൾ | 3000 |
| (ii) | മൊത്തം വാഹനഭാരം (ജി.വി.ഡബ്ല്യു.) 1000 കിലോഗ്രാമിൽ അധികരിക്കാത്ത ഗുഡ്സ് ക്യാരിയേജുകൾ | 5000 |
| (iii) | മൊത്തം വാഹനഭാരം (ജി.വി.ഡബ്ല്യു.) 1000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 1500 കിലോഗ്രാമിൽ അധികരിക്കാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 9400 |
| (iv) | മൊത്തം വാഹനഭാരം (ജി.വി.ഡബ്ല്യു.) 1500 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 2000 കിലോഗ്രാമിൽ അധികരിക്കാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 12200 |
| (v) | മൊത്തം വാഹനഭാരം (ജി.വി.ഡബ്ല്യു.) 2000 കിലോഗ്രാമിൽ കവിയുന്നതും എന്നാൽ 3000 കിലോഗ്രാമിൽ കവിയാത്തതുമായ ഗുഡ്സ് ക്യാരിയേജുകൾ | 15600" |

## അനുബന്ധം III

[3(6) വകുപ്പ് കാണുക]

| ക്രമ നമ്പർ | വാഹനത്തിന്റെ വിഭാഗം | നികുതി തുക | |
|---|---|---|---|
| (1) | (2) | (3) | |
| | | 30 ദിവസത്തിൽ കൂടുതലും ഒരു വർഷം വരെയുള്ളതുമായ കാലയളവിലേക്ക് തങ്ങുന്നതിന് | ഒരു വർഷത്തിൽ കൂടുതലായ കാലയളവിലേക്ക് തങ്ങുന്നതിന് |
| 1. | മോട്ടോർ സൈക്കിളുകളും ത്രിചക്ര വാഹനങ്ങളും | 200 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |
| 2. | മോട്ടോർ കാറുകൾ | 1500 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതികമായ ഒറ്റത്തവണ നികുതി |

| (1) | (2) | (3) | |
|---|---|---|---|
| 3. | വ്യക്തിപരമായ ആവശ്യത്തി നുള്ള സ്വകാര്യ സർവ്വീസ് വാഹനങ്ങൾ | | |
| | എ 10 യാത്രക്കാരെവരെ വഹിക്കാവുന്നവ—ഓരോ യാത്രക്കാരനും | 300 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതിക മായ ഒറ്റത്തവണ നികുതി |
| | ബി 10-ൽ കൂടുതൽ യാത്ര ക്കാരെ വഹിക്കാവുന്നവ— ഓരോ യാത്രക്കാരനും | 500 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതിക മായ ഒറ്റത്തവണ നികുതി |
| 4. | നിർമ്മാണോപകരണ വാഹ നങ്ങളും ഗതാഗതത്തിന് ഉപയോഗിക്കുന്നതല്ലാത്ത മറ്റ് വാഹനങ്ങളും | 1000 | അനുബന്ധം I-ൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിരക്കിന് ആനുപാതിക മായ ഒറ്റത്തവണ നികുതി." |

**  **  **  **

# 1991-ലെ കേരള കാർഷികാദായ നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1991-ലെ 15)

** ** ** **

"37 സി. ചില സംഗതികളിൽ കുടിശ്ശിക കുറവ് ചെയ്യൽ.—(1) ഈ ആക്റ്റിലോ അല്ലെങ്കിൽ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലോ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലേറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 2011 മാർച്ച് 31-ാം തീയതി ഉൾപ്പെടെയും അതുവരെയുമുള്ള കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരം നികുതിയോ മറ്റേതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു നികുതിദായകന്, കുടിശ്ശികയായ മുഴുവൻ മുഖ്യതുകയും പിഴതുകയുടെ മുപ്പത് ശതമാനം തുകയും അടയ്ക്കുന്നതിൻമേൽ നികുതി തുകയിൻമേലും പിഴത്തുകയിൻമേലുള്ള പലിശയ്ക്ക് മുഴുവൻ കുറവ് ചെയ്യലും പ്രയോജനപ്പെടുത്തിക്കൊണ്ട്, കുടിശ്ശിക തീർപ്പാക്കുന്നതിന് ഓപ്റ്റ് ചെയ്യാവുന്നതാണ്.

** ** ** **

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന ഒരു നികുതിദായകൻ 2017 സെപ്റ്റംബർ 30-നോ അതിന് മുൻപോ നികുതി നിർണ്ണയ അധികാര സ്ഥാനത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

** ** ** **

(7) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിച്ചാൽ നികുതി നിർണ്ണയ അധികാരസ്ഥാനം (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും കിട്ടേണ്ട നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, നികുതിദായകനെ ആ തുക അറിയിക്കേണ്ടതും അതിനുശേഷം നികുതിദായകൻ തുല്യമാസ തവണകളായി 2017 ഡിസംബർ 31-നോ അതിനു മുൻപായോ തുക അടയ്ക്കേണ്ടതുമാണ്:

** ** ** **

# 2003-ലെ കേരള മൂല്യവർദ്ധിത നികുതി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2004-ലെ 30)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(xxiv) "ജോയിന്റ് കമ്മീഷണർ" എന്നാൽ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ജോയിന്റ് കമ്മീഷണറായി നിയമിക്കപ്പെടുന്ന ഏതൊരു വ്യക്തിയും എന്നർത്ഥമാകുന്നു;

** ** ** **

3. വാണിജ്യനികുതി അധികാരസ്ഥൻമാർ.—(1) ഈ ആക്റ്റിനാലോ അതുപ്രകാരമോ നൽകപ്പെട്ട എല്ലാ അധികാരങ്ങളും കമ്മീഷണർക്കുണ്ടായിരിക്കുന്നതും വിനിയോഗിക്കേണ്ടതും അദ്ദേഹത്തിന് നൽകപ്പെട്ടതോ ചുമത്തപ്പെട്ടതോ ആയ എല്ലാ കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതും ആകുന്നു:

** ** ** **

(3) ഈ ആക്റ്റിനാലോ അതുപ്രകാരമോ, യഥാക്രമം നൽകിയിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യമുള്ളത്ര ജോയിന്റ് കമ്മീഷണർമാരെയും ഡെപ്യൂട്ടി കമ്മീഷണർമാരെയും (അപ്പീലുകൾ) അസിസ്റ്റന്റ് കമ്മീഷണർമാരെയും (അപ്പീലുകൾ) വാണിജ്യനികുതി ഓഫീസർമാരെയും അങ്ങനെയുള്ള മറ്റ് ഓഫീസർമാരെയും സർക്കാർ നിയമിക്കേണ്ടതാണ്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാർ പ്രസ്തുത കർത്തവ്യങ്ങൾ കമ്മീഷണർ നിശ്ചയിക്കുന്ന തദ്ദേശ അതിർത്തിക്കുള്ളിൽ നിർവ്വഹിക്കേണ്ടതാണ്.

(4) ഈ ആക്റ്റ് നടപ്പാക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും ആളുകളും അവരുടെ മേലുദ്യോഗസ്ഥൻമാരുടെ ഉത്തരവുകളും നിർദ്ദേശങ്ങളും ആജ്ഞകളും പാലിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു.

"എന്നാൽ, അങ്ങനെയുള്ള ഉത്തരവുകളോ ബോധനമോ നിർദ്ദേശങ്ങളോ അവരുടെ അപ്പീൽ അധികാരങ്ങൾ നിർവ്വഹിക്കുന്നതിൽ ഡെപ്യൂട്ടി കമ്മീഷണർക്കോ (അപ്പീലുകൾ) അസിസ്റ്റന്റ് കമ്മീഷണർക്കോ (അപ്പീലുകൾ) ഉള്ള വിവേചനാധികാരത്തിൽ ഇടപെടത്തക്ക വിധം നൽകാൻ പാടുള്ളതല്ല",

** ** ** **

24. <u>കണക്ക് പരിശോധിച്ചുള്ള തിട്ടപ്പെടുത്തൽ.</u>—(1) ഈ ആക്ടിലെ മറ്റേതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും വ്യാപാരി,—

(എ) അയാളുടെ കണക്ക് പുസ്തകങ്ങളോ മറ്റ് രേഖകളോ ഓഡിറ്റ് ചെയ്യുമ്പോൾ, മറ്റ് വിധത്തിലോ ഏതെങ്കിലും റിട്ടേൺ കാലാവധിക്ക് ശരിയല്ലാത്തതോ പൂർണ്ണമല്ലാത്തതോ ആയ റിട്ടേൺ സമർപ്പിച്ചതായി കാണുകയോ; അഥവാ

** ** ** **

എന്നാൽ ഈ വകുപ്പുപ്രകാരം വ്യാപാരിയെ കേൾക്കാൻ ഒരവസരം നൽകാതെ നികുതി തിട്ടപ്പെടുത്തൽ പൂർത്തീകരിക്കുവാൻ പാടുള്ളതല്ല:

** ** ** **

"എന്നിരുന്നാൽത്തന്നെയും 2017 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന, 25ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, റിട്ടേൺ നിരസിക്കുന്നതിനും നികുതി തിട്ടപ്പെടുത്തൽ പൂർത്തിയാക്കുന്നതിനുമുള്ള കാലയളവ് 2018 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിക്കുന്നതാണ്.";

** ** ** **

25. <u>വിട്ടുപോയിട്ടുള്ള വിറ്റുവരവ് നികുതി തിട്ടപ്പെടുത്തൽ.</u>— (1) ഏതെങ്കിലും കാരണവശാൽ വ്യാപാരിയുടെ വ്യാപാരത്തിന്റെ വിറ്റുവരവിന്റെ മുഴുവനുമോ ഏതെങ്കിലും ഭാഗമോ ഏതെങ്കിലും വർഷത്തിൽ നികുതി തിട്ടപ്പെടുത്തലിൽ നിന്ന് വിട്ടുപോകുകയോ, റിട്ടേൺ കാലയളവ് തിട്ടപ്പെടുത്തിയിട്ടുള്ളത് കുറവായിപ്പോകുകയോ തിട്ടപ്പെടുത്തേണ്ട നിരക്കിലും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിരിക്കുകയോ അതിൽ നിന്നും ഏതെങ്കിലും കിഴിവ് തെറ്റായി വരുത്തിയിരിക്കുകയോ അഥവാ തെറ്റായി നിക്ഷേപവിഭവ നികുതി ഇളവ് നേടുകയോ ചെയ്തിട്ടുള്ളിടത്ത്, നികുതി തിട്ടപ്പെടുത്തുന്ന അധികാരിക്ക് റിട്ടേണുമായി ബന്ധപ്പെട്ട വർഷത്തെ അവസാന തീയതി മുതൽ അഞ്ചു വർഷത്തിനകം എപ്പോൾ വേണമെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിൽ നിന്ന് വിട്ടുപോയിട്ടുള്ളതോ, കുറവായി നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ചുമത്തേണ്ട നിരക്കിൽ നിന്നും താണ നിരക്കിൽ നികുതി തിട്ടപ്പെടുത്തിയിട്ടുള്ളതോ ഏതിനെ സംബന്ധിച്ചാണോ തെറ്റായി നേടിയിട്ടുള്ളതോ ആയ വിറ്റുവരവ് യുക്തിസഹമായി എത്രയെന്ന് തീരുമാനിക്കുന്നതിന് നടപടി എടുക്കാവുന്നതും, വ്യാപാരിക്ക് നോട്ടീസ് നൽകുകയും തനിക്ക് ആവശ്യമെന്ന് തോന്നുന്ന അന്വേഷണം നടത്തുകയും ചെയ്തശേഷം അങ്ങനെയുള്ള മൊത്ത വിറ്റു വരവിന്മേൽ കൊടുക്കേണ്ട നികുതി തിട്ടപ്പെടുത്തുകയോ അഥവാ നിക്ഷേപ വിഭവ നികുതി ഇളവ് തെറ്റായി നേടിയിട്ടുള്ളത് അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതുമാകുന്നു.

എന്നാൽ ഈ ഉപവകുപ്പ് പ്രകാരം നികുതി തിട്ടപ്പെടുത്തുന്നതിന് മുമ്പായി വ്യാപാരിക്ക് പറയുവാനുള്ളത് കേൾക്കുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

** ** ** **

"എന്നിരുന്നാൽത്തന്നെയും 2017 മാർച്ച് 31-ാം തീയതി കാലാവധി അവസാനിക്കുന്ന 25ബി വകുപ്പ് പ്രകാരം ദീർഘിപ്പിക്കലിന് വിധേയമായിട്ടുള്ളവ ഉൾപ്പെടെ, ഏതെങ്കിലും നികുതി തിട്ടപ്പെടുത്തുന്നതിന് തീരുമാനിക്കുന്നതിനുള്ള നടപടികൾക്കുള്ള കാലയളവ് 2018 മാർച്ച് 31-ാം തീയതി വരെ ദീർഘിപ്പിക്കുന്നതാണ്.";

** ** ** **

"25ഡി. ബേക്കറി വ്യാപാരികൾക്കുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1999-ലെ ട്രേഡ്മാർക്ക് ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്ത ഒരു ബ്രാൻഡ് നെയിമിന്റെ കീഴിൽ ബേക്കറി ഉൽപ്പന്നങ്ങളും മധുര പലഹാരങ്ങളും കൺഫക്ഷണറിയും മറ്റ് ഭക്ഷ്യ ഉൽപ്പന്നങ്ങളും വിൽപ്പന നടത്തുന്നതും 2013-14 സാമ്പത്തികവർഷം വരെയുള്ള കാലയളവിൽ നിർണ്ണയിക്കപ്പെട്ട നിരക്കിൽ നികുതി അടയ്ക്കാത്തതും, 2016 ഏപ്രിൽ മാസം 1-ാം തീയതി മുതൽ 2017 മാർച്ച് 31 വരെ. ഡിഫറൻഷ്യൽ നികുതി തുക അടയ്ക്കുന്നതിന് ഓപ്റ്റ് ചെയ്തതും ആയ വ്യാപാരി, പ്രസ്തുത തുക രണ്ട് വർഷക്കാലയളവിലുള്ളിൽ തുല്യത്രൈമാസ ഗഡുക്കളായി അടക്കേണ്ടതും, ഈ പദ്ധതി പ്രകാരം നികുതി നല്കുവാൻ ഓപ്റ്റ് ചെയ്തതായ ഒരു വ്യാപാരി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി, പലിശയും അതിന്മേലുള്ള പിഴയും നൽകുന്നതിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്.

25ഇ. ആനുമാനിക നികുതി നൽകുന്ന വ്യാപാരികളുടെ നികുതി നിർണ്ണയവും നികുതി നൽകലും സംബന്ധിച്ചുള്ള പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ, അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, ഏതെങ്കിലും കോടതിയുടെയോ, ട്രിബ്യൂണലിന്റെയോ, അപ്പലെറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ, ഡിക്രിയിലോ, ഉത്തരവിലോ, ഈ ആക്റ്റിൻകീഴിലുള്ള ഏതെങ്കിലും പെനാൽറ്റി ഉത്തരവുകളിലോ എന്തുതന്നെയടങ്ങിയിരുന്നാലും, 6-ാം വകുപ്പ്, (5)-ാം ഉപവകുപ്പ് പ്രകാരം നികുതി നൽകുന്നതിന് ഓപ്റ്റ് ചെയ്തിട്ടുള്ളതും 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം കണക്കിൽപ്പെടാത്ത വാങ്ങൽ നടത്തിയതായി കണ്ടെത്തിയിട്ടുമുള്ള വ്യാപാരികൾക്ക്,

(i) തിട്ടപ്പെടുത്തിയ മൊത്തം വിറ്റുവരവ് 6-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ വ്യക്തമായിട്ടുള്ള മൊത്തം വിറ്റുവരവിന്റെ പരിധിയ്ക്കുള്ളിൽ ആകുന്നപക്ഷം നികുതി വിധേയമായ ചരക്കുകളുടെ വിറ്റുവരവിന്മേൽ അര ശതമാനം;

(ii) 6-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം വ്യക്തമാക്കിയിട്ടുള്ള മൊത്തം വിറ്റുവരവിന്റെ പരിധിക്ക് അധികമായി തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവിനെ ഒരു കോടി രൂപ വരെ മേൽപ്പറഞ്ഞ ഖണ്ഡത്തിൽ കിട്ടേണ്ടതായ നികുതിക്ക് പുറമെ, നികുതി വിധേയമായ ചരക്കുകളുടെ വിറ്റുവരവിന്മേൽ ഒരു ശതമാനം;

(iii) ഒരു കോടി രൂപയ്ക്ക് മുകളിൽ തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവിന് (i)ഉം (ii)ഉം ഖണ്ഡങ്ങൾ പ്രകാരം കിട്ടേണ്ടതായ നികുതിയ്ക്ക് പുറമെ നികുതി വിധേയമായ ചരക്കുകളുടെ വിറ്റുവരവിന് രണ്ട് ശതമാനം; എന്നീ നിരക്കുകളിൽ നികുതി നൽകികൊണ്ട് അവരുടെ കേസുകൾ തീർപ്പാക്കാവുന്നതും, അപ്രകാരം നികുതി നൽകുന്നതിന്മേൽ 22-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴത്തുക ഉൾപ്പെടെയുള്ള എല്ലാ പിഴയും പലിശയും ഒഴിവാക്കപ്പെടുന്നതുമാണ്.

<u>*വിശദീകരണം.*</u>—ആക്റ്റിന്റെ 2-ാം വകുപ്പ് (എൽഐ) ഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി 'തിട്ടപ്പെടുത്തിയിട്ടുള്ള മൊത്തം വിറ്റുവരവ്', കണ്ടുപിടിക്കപ്പെട്ടതോ പ്രഖ്യാപിച്ചതോ ആയ കണക്കിൽപ്പെടാത്ത വാങ്ങലുകൾ, ഫയലുചെയ്ത റിട്ടേണുകൾ പ്രകാരം പ്രഖ്യാപിക്കപ്പെട്ട മൊത്തം വിറ്റുവരവിനോട്, മൊത്തം ലാഭത്തിന്റെ അഞ്ച് ശതമാനം കൂട്ടി ചേർത്ത് കൊണ്ട് ലഭിക്കുന്ന മൊത്തം വിറ്റുവരവ് ആയിരിക്കുന്നതാണ്.

(2)(1)-ാം ഉപവകുപ്പിൻ കീഴിലെ കേസ്സുകൾ തീർപ്പാക്കുന്നതിനായി, 2017 സെപ്റ്റംബർ 30-നോ അതിനു മുൻപോ, ഏതെങ്കിലും കോടതിയിലോ ട്രൈബ്യൂണലിലോ അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയുടെയോ മുൻപാകെയോ കേസ് നിലവിലുണ്ടെങ്കിൽ ആയത് പിൻവലിച്ചതിനുള്ള തെളിവ് സഹിതം വ്യാപാരി നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം മുൻപാകെ ഓപ്ഷൻ ഫയൽ ചെയ്യേണ്ടതാണ്.

** ** ** **

(5) ഈ പദ്ധതി പ്രകാരം നല്കേണ്ട തുകയുടെ മുപ്പത് ശതമാനം (4)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നൽകേണ്ടതും ശേഷിക്കുന്ന തുക തുല്യ ഗഡുക്കളായി 2017 ഡിസംബർ 31-നോ അതിന് മുൻപായോ അടയ്ക്കേണ്ടതുമാണ്.

** ** ** **

(7) ഈ പദ്ധതി ഓപ്റ്റ് ചെയ്യുന്ന ഏതൊരു വ്യാപാരിയും 2016 ഏപ്രിൽ 1-ാം തീയതി മുതൽ ടാക്സ് പേയേഴ്സ് ഐഡന്റിഫിക്കേഷൻ നമ്പർ (ടിൻ) നേടിയിരിക്കേണ്ടതാണ്;

** ** ** **

"31എ. <u>ചില സംഗതികളിൽ കുടിശ്ശിക കുറവുചെയ്യൽ.</u>—(1) ഈ ആക്റ്റിലോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലോ, അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രിബ്യൂണലിന്റെയോ അപ്പലറ്റ് അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും 2011 മാർച്ച് 31-ാം തീയതി വരെയും അത് ഉൾപ്പെടെയുമുള്ള കാലയളവുമായി ബന്ധപ്പെട്ട് ഈ ആക്റ്റ് പ്രകാരമോ 1956-ലെ കേന്ദ്ര വില്പന നികുതി

ആക്റ്റ് (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) പ്രകാരമോ നികുതിയോ ഏതെങ്കിലും തുകയോ കുടിശ്ശിക വരുത്തിയിട്ടുള്ള ഏതെങ്കിലും നികുതിദായകന് കുടിശ്ശികയായിട്ടുള്ള മുഖ്യതുകയും പിഴത്തുകയുടെ മുപ്പത് ശതമാനവും നൽകുന്നതിൻ മേൽ നികുതി തുകയിൻമേലും പിഴത്തുകയിൻമേലും മുഴുവൻ കുറവ് പ്രയോജനപ്പെടുത്തി കുടിശ്ശിക തീർപ്പാക്കുന്നതിനു വേണ്ടി ഓപ്റ്റ് ചെയ്യാവുന്നതാണ്.

** ** ** **

(5) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക അടയ്ക്കുവാൻ ഓപ്റ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്ന നികുതിദായകൻ, 2017 സെപ്റ്റംബർ 30-ാം തീയതിയോ അതിനു മുൻപായോ നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനത്തിന് ഒരു അപേക്ഷ നൽകേണ്ടതാണ്.

** ** ** **

(7)(5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, നികുതി തിട്ടപ്പെടുത്തുന്ന അധികാരസ്ഥാനം (1)-ാം ഉപവകുപ്പ് പ്രകാരം നികുതിദായകനിൽ നിന്നും ലഭിക്കാനുള്ള നികുതി തുകയും മറ്റു തുകകളും കണക്കാക്കേണ്ടതും, ആയത് വ്യാപാരിയെ അറിയിക്കേണ്ടതും, അതിനുശേഷം വ്യാപാരി തുല്യമാസ തവണകളായി, 2017 ഡിസംബർ 31-നോ അതിനു മുൻപായോ, തുക അടയ്ക്കേണ്ടതുമാണ്:

** ** ** **

(8) യാതൊരു സാഹചര്യത്തിലും, ഈ പദ്ധതി പ്രകാരം അടച്ച തുക തിരികെ നൽകുന്നതല്ല.

** ** ** **

42. <u>അക്കൗണ്ടുകളുടെ ആഡിറ്റും റിട്ടേണുകളുടെ സാക്ഷ്യപ്പെടുത്തലും.</u>—(1) വർഷം അറുപത് ലക്ഷത്തിലധികം രൂപയുടെ മൊത്തം വിറ്റുവരവ് ഉള്ള ഓരോ വ്യാപാരിയും അയാളുടെ അക്കൗണ്ടുകൾ ഒരു ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ടോ കോസ്റ്റ് അക്കൗണ്ടിനെക്കൊണ്ടോ ആഡിറ്റ് ചെയ്യിക്കേണ്ടതും അക്കൗണ്ടുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റുമെന്റിന്റെ പകർപ്പും സർട്ടിഫിക്കറ്റും നിർണ്ണയിക്കപ്പെട്ട രീതിയിൽ സമർപ്പിക്കേണ്ടതാണ്:

** ** ** **

"(2) ഏതെങ്കിലും ഒരു വ്യാപാരി ഓഡിറ്റ് ചെയ്ത കണക്കുകളുമായി ഒത്തു നോക്കുമ്പോൾ അയാൾ സമർപ്പിച്ച വാർഷിക റിട്ടേണിൽ എന്തെങ്കിലും വിട്ടുകളഞ്ഞതോ, തെറ്റുകളോ കണ്ടെത്തുകയാണെങ്കിൽ, അയാൾ ഓഡിറ്റ് സർട്ടിഫിക്കറ്റ് സഹിതം എല്ലാ തെറ്റുകളും വിട്ടുകളയലും ശരിയാക്കിക്കൊണ്ട് ഒരു പുതുക്കിയ റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. എന്നാൽ അങ്ങനെയുള്ള പുതുക്കൽ കൊണ്ട് നികുതി ബാദ്ധ്യത കൂടുകയാണെങ്കിൽ, പുതുക്കിയ റിട്ടേൺ സമർപ്പിക്കുമ്പോൾ, അത്തരത്തിലുള്ള നികുതിയും, 31-ാം വകുപ്പ് (5)-ാം ഉപവകുപ്പനുസരിച്ച് നൽകേണ്ട പലിശയും, 31-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിരിക്കുന്ന പ്രകാരം രണ്ടു മടങ്ങായി കണക്കാക്കിയ നിരക്കിലുള്ള പിഴപ്പലിശയും നൽകിയതിന്റെ തെളിവും അതോടൊപ്പം നൽകേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം, അങ്ങനെയുള്ള തെറ്റുകളോ വിട്ടുകളയലോ സംബന്ധിച്ച്, എന്തെങ്കിലും ശിക്ഷാനടപടി ആരംഭിച്ചിട്ടുള്ള ഒരു വ്യാപാരിയെ സംബന്ധിച്ച് ഈ ഉപവകുപ്പ് ബാധകമാകുന്നതല്ല.";

** ** ** **

** ** ** **

"55. <u>ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ)ക്കും അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽ)ക്കുമുള്ള അപ്പീലുകൾ.</u>—(1) അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്ത ഈ ആക്റ്റ് പ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഒരു അധികാരസ്ഥാനം 16-ാം വകുപ്പ് (3)-ാം ഉപവകുപ്പോ (8)-ാം ഉപവകുപ്പോ അല്ലെങ്കിൽ (9)-ാം ഉപവകുപ്പോ 19-ാം വകുപ്പ് (8)-ാം ഉപവകുപ്പോ പ്രകാരമല്ലാത്ത അസിസ്റ്റന്റ് കമ്മീഷണറുടെ പദവിക്ക് മുകളിലല്ലാത്തതും ഈ ആക്റ്റ് പ്രകാരം അപ്രകാരം ചെയ്യുവാൻ അധികാരപ്പെടുത്തിയതുമായ ഒരു അധികാരസ്ഥാനം പാസ്സാക്കുന്ന ഏതെങ്കിലും ഉത്തരവോ രേഖപ്പെടുത്തിയ നടപടികളോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അയാൾക്ക് ഉത്തരവ് കിട്ടിയ തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവിനെതിരായി,

എന്നാൽ 48, 49, 67, 69, 70, 70 എ, 72 എന്നീ വകുപ്പുകൾ പ്രകാരം പാസ്സാക്കുന്ന ഉത്തരവുകളിന്മേൽ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്ക് മാത്രമേ അപ്പീൽ സമർപ്പിക്കുവാൻ പാടുള്ളൂ.

** ** ** **

എന്നുമാത്രമല്ല, മേൽപ്പറഞ്ഞ സമയത്തിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് അപ്പീൽ വാദിക്ക് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് ഡെപ്യൂട്ടി കമ്മീണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ ബോദ്ധ്യമാകുന്നപക്ഷം പ്രസ്തുത കാലാവധി അവസാനിച്ചതിനുശേഷം ബോധിപ്പിക്കുന്ന ഒരു അപ്പീൽ അദ്ദേഹത്തിന് സ്വീകരിക്കാവുന്നതാണ്:

** ** ** **

(4)(1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെയും നികുതിയോ മറ്റ് തുകകളോ, ഏത് ഉത്തരവിനെതിരായിട്ടാണോ അപ്പീൽ ബോധിപ്പിച്ചിരുന്നത്. ആ ഉത്തരവനുസരിച്ച് കൊടുക്കേണ്ടതാണ്:

എന്നാൽ, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീണർ (അപ്പീലുകൾ) എന്നിവർക്ക് ബോദ്ധ്യമാകുന്ന വിധത്തിൽ അപ്പീൽവാദി നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലും ഫാറത്തിലും മതിയായ ജാമ്യം നൽകുകയാണെങ്കിൽ അപ്പീൽ തീർപ്പാക്കുന്നതിനുമുമ്പായി തന്റെ വിവേചനാധികാരം ഉപയോഗിച്ച് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങൾ നികുതി അടയ്ക്കുന്നതു സംബന്ധിച്ച് നൽകാവുന്നതാണ്.

** ** ** **

(5) അപ്പീൽ തീർപ്പാക്കുന്നതിന്, ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയതിനുശേഷം,—

(എ) നികുതി തിട്ടപ്പെടുത്തിക്കൊണ്ടോ പിഴ നൽകിക്കൊണ്ടോ ഉള്ള ഉത്തരവിന്റെ സംഗതിയിൽ നികുതി തിട്ടപ്പെടുത്തിയതോ പിഴയോ അഥവാ രണ്ടും കൂടിയോ സ്ഥിരപ്പെടുത്തുകയോ കുറയ്ക്കുകയോ വർദ്ധിപ്പിക്കുകയോ റദ്ദാക്കുകയോ;

** ** ** **

(6) ഡെപ്യൂട്ടി കമ്മീഷണറും (അപ്പീലുകൾ), അസിസ്റ്റന്റ് കമ്മീഷണറും (അപ്പീലുകൾ) അതിന്റെ മുൻപാകെയുള്ള അപ്പീൽ തീർപ്പാക്കുന്ന ഉത്തരവിൽ തീരുമാനിക്കേണ്ടതായ കാര്യങ്ങളും അതിൻമേലുള്ള തീരുമാനങ്ങളും അങ്ങനെ ഒരു തീരുമാനത്തിൽ എത്താനുള്ള കാരണവും പ്രസ്താവിക്കേണ്ടതുമാണ്

(7) അപ്പീലിന്റെ ഫലമായി അപ്പീൽ ബോധിപ്പിക്കുന്നതിന് കാരണമായ ഉത്തരവിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടത് ആവശ്യമായി വരുന്നിടത്ത്, അങ്ങനെയുള്ള ഉത്തരവ് അതനുസരിച്ച് ഭേദഗതി ചെയ്യുന്നതിന് നികുതിനിർണ്ണയ അധികാരിയോട് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ)ക്കോ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ)ക്കോ നിർദ്ദേശം നൽകാവുന്നതും അങ്ങനെ ഭേദഗതി വരുത്തുമ്പോൾ അതതു സംഗതിപോലെ, അപ്പീൽവാദി അധികമായി അടച്ചിട്ടുള്ള ഏതെങ്കിലും തുക അയാൾക്ക് തിരികെ നൽകുകയോ അഥവാ അയാളിൽനിന്നും കിട്ടേണ്ട അധിക നികുതി തുക എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പിരിച്ചെടുക്കുകയോ ചെയ്യേണ്ടതുമാണ്"

** ** ** **

58. കമ്മീഷണർക്ക് സ്വമേധയാ റിവിഷനുള്ള അധികാരങ്ങൾ.—(1) കമ്മീഷണർക്ക് അദ്ദേഹത്തിന്റെ കീഴിലുള്ള ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ അല്ലെങ്കിൽ അധികാരസ്ഥാനം 25-ാം വകുപ്പിലെ (3)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിനോ, രേഖപ്പെടുത്തിയിട്ടുള്ള നടപടികൾക്കോ എതിരെ അദ്ദേഹം പുറപ്പെടുവിച്ച ഉത്തരവുകളല്ലാത്തതും ഈ ആക്ട് പ്രകാരം പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും ഉത്തരവുകളോ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും നടപടിയോ ഉത്തരവുകളോ റവന്യൂ താൽപ്പര്യങ്ങൾക്ക് ഹാനികരമെന്ന് അദ്ദേഹത്തിന് അഭിപ്രായമുള്ളപക്ഷം സ്വമേധയാ ആവശ്യപ്പെടാവുന്നതും പരിശോധിക്കാവുന്നതും അതിന്മേൽ അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് അനുസരണമായി അതിൻമേൽ അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്.

** ** ** **

(2) കമ്മീഷണർ (1)-ാം ഉപവകുപ്പ് പ്രകാരം യാതൊരുത്തരവും,—

(എ) ഉത്തരവിനെതിരെയുള്ള അപ്പീലിനുള്ള സമയം കഴിഞ്ഞിട്ടില്ലെങ്കിലോ;

(ബി) ഉത്തരവ് ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അപ്പലേറ്റ് ട്രൈബ്യൂണലിന് ഉള്ള അപ്പീലിന്റെയോ ഹൈക്കോടതിയിലേക്കുള്ള റിവിഷന്റെയോ വിഷയമാക്കിയിട്ടുള്ളതാണെങ്കിലോ; അല്ലെങ്കിൽ

** ** ** **

59. <u>അപേക്ഷയിന്മേൽ കമ്മീഷണർക്ക് റിവിഷനുള്ള അധികാരം</u>.— (1) 55-ാം വകുപ്പു പ്രകാരം ഡെപ്യൂട്ടി കമ്മീഷണർ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണർ (അപ്പീലുകൾ) ഒഴികെയുള്ള ഒരു ഡെപ്യൂട്ടി കമ്മീഷണർ പാസ്സാക്കിയിട്ടുള്ള ഉത്തരവിൽ ആക്ഷേപമുള്ള ഏതൊരു ആൾക്കും ആ ഉത്തരവിന്റെ പകർപ്പ് അയാൾക്ക് നൽകിയിട്ടുള്ള തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അങ്ങനെയുള്ള ഉത്തരവിന്റെ റിവിഷനുള്ള ഒരു അപേക്ഷ കമ്മീഷണർ മുമ്പാകെ ബോധിപ്പിക്കാവുന്നതാണ്:

** ** ** **

60. <u>അപ്പലേറ്റ് ട്രൈബ്യൂണലിലേക്കുള്ള അപ്പീൽ</u>.—

"(1) 55-ാം വകുപ്പ് (5)-ാം ഉപവകുപ്പുപ്രകാരം ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ പാസ്സാക്കിയ ഉത്തരവിന്മേൽ ആക്ഷേപമുള്ള ഏതൊരാൾക്കും ആ ഉത്തരവ് അയാൾക്ക് നൽകിയിട്ടുള്ള തീയതി മുതൽ അറുപതു ദിവസക്കാലയളവിനുള്ളിൽ, അങ്ങനെയുള്ള ഉത്തരവിനെതിരായി അപ്പലേറ്റ് ട്രൈബ്യൂണലിന് നിർണ്ണയിക്കപ്പെട്ട രീതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

"(2) (1)-ാം ഉപവകുപ്പുപ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അഥവാ ഏതൊരാൾക്കെതിരായിട്ടാണോ അപ്പീൽ ബോധിപ്പിച്ചിട്ടുള്ളത് ആ ആളോ, അതതുസംഗതി പോലെ, ഡെപ്യൂട്ടി കമ്മിഷണറോ (അപ്പീലുകൾ) അല്ലെങ്കിൽ അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ) പാസ്സാക്കിയ ഉത്തരവിനെതിരായി (1)-ാം ഉപവകുപ്പുപ്രകാരം എതിർകക്ഷി അപ്പീൽ ബോധിപ്പിച്ചിട്ടുണ്ടെന്നുള്ള നോട്ടീസ് ലഭിച്ചാൽ, അങ്ങനെയുള്ള ഉത്തരവിനോ

അതിന്റെ ഏതെങ്കിലും ഭാഗത്തിനോ എതിരായി അയാൾ അപ്പീൽ ബോധിപ്പിച്ചിട്ടില്ലെങ്കിൽത്തന്നെയും ആ നോട്ടീസ് കിട്ടിയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ ഡെപ്യൂട്ടി കമ്മീഷണറുടെയോ (അപ്പീലുകൾ) അസിസ്റ്റന്റ് കമ്മീഷണറുടെയോ (അപ്പീലുകൾ) ഉത്തരവിന്റെ ഏതെങ്കിലും ഭാഗത്തിനെതിരായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തിയിട്ടുള്ള എതിരാക്ഷേപങ്ങളുടെ ഒരു മെമ്മോറാണ്ടം ബോധിപ്പിക്കാവുന്നതും അങ്ങനെയുള്ള മെമ്മോറാണ്ടം (1)-ാം ഉപവകുപ്പിൽ പറഞ്ഞ സമയത്തിനുള്ളിൽ ബോധിപ്പിച്ചിട്ടുള്ള അപ്പീൽ ആയിരുന്നാലെന്നപോലെ അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതുമാണ്."

** ** ** **

65. <u>വ്യവഹാര മദ്ധ്യേയുള്ള ഹർജികൾക്കുള്ള ഫീസ്.</u>—ഈ ആക്റ്റിൻകീഴിൽ സർക്കാർ നിർണ്ണയിച്ചിട്ടുള്ളതും, സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒഴികെ താഴെ വ്യക്തമാക്കിയിട്ടുള്ള അധികാരിക്ക് മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതുമായ ഓരോ വ്യവഹാരമദ്ധ്യേയുള്ള ഹർജിയും താഴെപ്പറയുന്ന ഫീസ് സഹിതം ആയിരിക്കേണ്ടതാണ്, അതായത്.—

(എ) ഡെപ്യൂട്ടി കമ്മീഷണറു(അപ്പീലുകൾ)ടെയോ അസിസ്റ്റന്റ് കമ്മീഷണറു(അപ്പീലുകൾ)ടെയോ ഡെപ്യൂട്ടി കമ്മീഷണറുടെയോ മുമ്പാകെ—ഇരുന്നൂറ് രൂപ;

(ബി) കമ്മീഷണറുടെയോ അപ്പലേറ്റ് ട്രൈബ്യൂണലിന്റെയോ മുമ്പാകെ—മുന്നൂറ് രൂപ.

** ** ** **

85. <u>വാണിജ്യ നികുതി അധികാരികൾ മുമ്പാകെ ഹാജരാക്കിയ വിവരങ്ങൾ വെളിപ്പെടുത്തുന്നത് നിരോധിക്കൽ.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ബോധിപ്പിച്ച ഏതെങ്കിലും സ്റ്റേറ്റ്മെന്റിലോ, നൽകിയ റിട്ടേണിലോ, ഹാജരാക്കിയ കണക്കുകളിലോ, രജിസ്റ്ററുകളിലോ, രേഖകളിലോ അഥവാ ഈ ആക്റ്റുപ്രകാരമുള്ള ഏതെങ്കിലും നടപടിക്കിടയിൽ നൽകിയ തെളിവിലോ, കൊടുത്ത സത്യവാങ്മൂലത്തിലോ, മൊഴിയിലോ അഥവാ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി തയ്യാറാക്കിയതും ഒരു ഡിമാന്റ് ഉണ്ടാക്കുന്നതിനുള്ള ഏതെങ്കിലും നടപടി സംബന്ധിച്ചുള്ളതുമായ ഏതെങ്കിലും റിക്കാർഡിലോ അടങ്ങിയിട്ടുള്ള എല്ലാ വിവരങ്ങളും രഹസ്യമായി വയ്ക്കേണ്ടതും, വെളിപ്പെടുത്താൻ പാടില്ലാത്തതുമാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും വിവരങ്ങൾ,—

(i) സംസ്ഥാനത്തെ വാണിജ്യ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്;

** ** ** **

(x) കേന്ദ്ര സർക്കാരിന്റെയോ കേരള സർക്കാരിന്റെയോ ഏതെങ്കിലും വകുപ്പിലെ ഒരു ഉദ്യോഗസ്ഥന്,—

** ** ** **

(ബി) അങ്ങനെയുള്ള വിവരങ്ങൾ നൽകേണ്ടത് അസിസ്റ്റന്റ് കമ്മീഷണറോ, അസിസ്റ്റന്റ് കമ്മീഷണറോ (അപ്പീലുകൾ), ഡെപ്യൂട്ടി കമ്മീഷണറോ (അപ്പീലുകൾ), ഡെപ്യൂട്ടി കമ്മീഷണറോ ആണെങ്കിൽ കമ്മീഷണറുടെ അനുവാദം വാങ്ങിയശേഷം വെളിപ്പെടുത്തിക്കൊടുക്കുന്നതിന് ബാധകമായിരിക്കുന്നതല്ല:

** ** ** **

94. <u>സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നതിന് അധികാരസ്ഥാനത്തിനുള്ള അധികാരം.</u>—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി, ഏതെങ്കിലും അപ്പലേറ്റ് അഥവാ റിവിഷണൽ അതോറിറ്റിയുടെയോ, അഥവാ ഏതെങ്കിലും കോടതിയുടെയോ അഥവാ ട്രൈബ്യൂണലിന്റെയോ മുമ്പാകെയുള്ള ഒരു നടപടി ഒഴികെ, ഏതെങ്കിലും നടപടി ഉണ്ടാവുകയാണെങ്കിൽ

(എ) ഏതെങ്കിലും ആൾ ഒരു വ്യാപാരിയാണോ; അഥവാ

** ** ** **

(ഇ) ഏതെങ്കിലും ചരക്കുകളിൽ നടത്തുന്ന ഏതെങ്കിലും പ്രവർത്തനം ചരക്കുകളുടെ ഉൽപ്പാദനമാകുകയോ ആയതിൽ കലാശിക്കുകയോ ചെയ്യുന്നുണ്ടോ എന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാവുകയാണെങ്കിൽ, അങ്ങനെയുള്ള തർക്കം കമ്മീഷണർ നാമനിർദ്ദേശം ചെയ്ത മൂന്ന് ഡെപ്യൂട്ടി കമ്മീഷണർമാർ അടങ്ങുന്ന ഒരു അധികാരസ്ഥാനം ഒരു വ്യാപാരിയുടെയോ അഥവാ മറ്റേതെങ്കിലും ആളുകളുടെയോ അപേക്ഷയിന്മേൽ തീർപ്പാക്കേണ്ടതാണ്.

** ** ** **

(5) (1)-ാം ഉപവകുപ്പ് പ്രകാരം അധികാരസ്ഥാനം പുറപ്പെടുവിച്ചിട്ടുള്ള ഓരോ ഉത്തരവും, 62-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, അന്തിമമായിരിക്കുന്നതും അപേക്ഷകനും ഡെപ്യൂട്ടി കമ്മീഷണറും (അപ്പീലുകൾ) അസിസ്റ്റന്റ് കമ്മീഷണറും (അപ്പീലുകൾ) ഉൾപ്പെടെ കമ്മീഷണർക്കുകീഴിലുള്ള എല്ലാ അധികാരസ്ഥാനങ്ങൾക്കും ബാധകമായിരിക്കുന്നതുമാണ്.

** ** ** **

# പട്ടികകൾ

## ഒന്നാം പട്ടിക

## 6-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചരക്കുകൾ

| ക്രമ നമ്പർ | സാധനങ്ങളുടെ വിവരണം | എച്ച്.എസ്.എൻ. കോഡ് |
|---|---|---|
| (1) | (2) | (3) |
| 1 | കൈകൊണ്ടോ, മൃഗത്താലോ പ്രവർത്തിപ്പിക്കുന്ന കാർഷിക ഉപകരണങ്ങൾ | |
| | (1) മൺവെട്ടികളും കോരികളും | 8201.10.00 |
| ** | ** ** | ** |
| "17ബി | വളങ്ങളും ജൈവവളങ്ങളും മൈക്രോ ന്യൂട്രിയന്റുകളും സമാനമായ ഉല്പന്നങ്ങളും | |
| | (1) കൂട്ടിക്കലർത്തിയതോ രാസപരിപാലനം നടത്തിയതോ അല്ലാത്തതോ ആയ ജൈവ സസ്യ വളങ്ങൾ; ജൈവസസ്യ ഉൽപന്നങ്ങൾ കൂട്ടിക്കലർത്തിയോ രാസപരിപാലനം നടത്തിയോ നിർമ്മിച്ച വളങ്ങൾ | 3101 |
| | (2) രാസവളങ്ങൾ: | |
| | (എ) നൈട്രജനീകരിച്ച ധാതുവളങ്ങൾ അല്ലെങ്കിൽ രാസവളങ്ങൾ | 3102 |
| | (ബി) ഫോസ്ഫേറ്റ് ചെയ്ത ധാതുവളങ്ങൾ അല്ലെങ്കിൽ രാസവളങ്ങൾ | 3103 |
| | (സി) പൊട്ടാസീകരിച്ച ധാതുവളങ്ങൾ അല്ലെങ്കിൽ രാസവളങ്ങൾ | 3104 |
| | (ഡി) രണ്ടോ മൂന്നോ വളഘടകങ്ങൾ, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നിവ അടങ്ങിയ ധാതുവളങ്ങളോ രാസവളങ്ങളോ അല്ലെങ്കിൽ മറ്റ് വളങ്ങൾ | 3105 |
| | (3) ജൈവവളങ്ങളും മൈക്രോ ന്യൂട്രിയന്റുകളും | ****"; |
| ** | ** ** | ** |

# 2008-ലെ കേരള ധനകാര്യ ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2008-ലെ 21)

** ** ** **

6. സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) സർക്കാരിന് ഒരു സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതി വ്യവസ്ഥ ചെയ്യുന്നതിനും സാമ്പത്തിക സഹായം നിറവേറ്റുന്നതിനുമുള്ള ബാദ്ധ്യത പൂർത്തീകരിക്കുന്നതിനും സാമൂഹ്യ സുരക്ഷാ സെസ്സ് എന്ന് വിളിക്കപ്പെടുന്ന ഒരു സെസ്സ് 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിലെ (1963-ലെ 15) 5-ഉം 7-ഉം വകുപ്പുകൾ പ്രകാരം വ്യാപാരികൾ നൽകേണ്ടതായ നികുതിയുടെ ഒരു ശതമാനം നിരക്കിൽ അവരിൽ ചുമത്തേണ്ടതും പിടിച്ചെടുക്കേണ്ടതുമാണ്.

എന്നാൽ, ഈ വകുപ്പുപ്രകാരം നൽകേണ്ട സെസ്സിന്റെ നിരക്ക് 1963-ലെ കേരള പൊതു വിൽപ്പന നികുതി ആക്റ്റിലെ (1963-ലെ 15) 5(1) (ബി) വകുപ്പിൻകീഴിൽ നൽകേണ്ട നികുതിയുടെ പത്ത് ശതമാനം ആയിരിക്കേണ്ടതാണ്.".

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1956-ലെ കേന്ദ്ര വിൽപ്പന നികുതി ആക്റ്റിന്റെ (1956-ലെ 74-ാം കേന്ദ്ര ആക്റ്റ്) 14-ാം വകുപ്പിൽ നിർവ്വചിച്ചിരിക്കുന്ന പ്രഖ്യാപിത ചരക്കുകൾക്ക് സെസ്സ് ചുമത്താൻ പാടില്ലാത്തതാണ്.

"(2എ) (എ) 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിലെ (1963-ലെ 15) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിൻകീഴിൽ കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ് നൽകേണ്ടതായ നികുതിയന്മേൽ,—

(i) ആദായനികുതിദായകർ അല്ലാത്ത സർക്കാർ ആശുപത്രികളിലെ രോഗികൾക്ക് ജനറിക് മെഡിസിൻ സൗജന്യമായി നൽകുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത നിറവേറ്റുന്നതിനായി ഒരു ശതമാനം നിരക്കിൽ മെഡിക്കൽ സെസ്സ് എന്നു വിളിക്കേണ്ടതും;

(ii) അബ്കാരി നയത്തിന് അനുസൃതമായി സംസ്ഥാനത്ത് ബാർ ഹോട്ടലുകൾ അടച്ചതുമൂലം ജോലി നഷ്ടപ്പെട്ട ബാർ ഹോട്ടൽ തൊഴിലാളികളുടെ പുനരധിവാസത്തിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത നിറവേറ്റുന്നതിനായി അഞ്ചുശതമാനം നിരക്കിൽ പുനരധിവാസ സെസ്സ് എന്നു വിളിക്കേണ്ടതും;

ആയ ഒരു സെസ്സ് ചുമത്തേണ്ടതും അവരിൽ നിന്നും വസൂലാക്കേണ്ടതുമാണ്.

(ബി) അങ്ങനെ വസൂലാക്കുന്ന സെസ്സ്, (1)-ാം ഉപവകുപ്പിൻ കീഴിൽ വസൂലാക്കുന്ന നികുതിക്കുപുറമേ ആയിരിക്കേണ്ടതാണ്.".

"(3) ഇക്കാര്യത്തിൽ, സർക്കാരിന്, യഥാവിധിയുള്ള ധനവിനിയോഗത്തിന് നിയമസഭ നിയമനിർമ്മാണം നടത്തിയതിനുശേഷം (1)-ാം ഉപവകുപ്പിലോ (2 എ) ഉപവകുപ്പിലോ വിനിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി സാമൂഹ്യസുരക്ഷാ സെസ്സിന്റെയും മെഡിക്കൽ സെസ്സിന്റെയും പുനരധിവാസ സെസ്സിന്റെയും അങ്ങനെയുള്ള പണം, അതതു സംഗതി പോലെ, ഉപയോഗിക്കാവുന്നതാണ്.";

(4) (1)-ാം ഉപവകുപ്പും (2എ) ഉപവകുപ്പും പ്രകാരമുള്ള സെസ്സ് പിരിച്ചെടുക്കലിന് 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിലെ (1963-ലെ 15) 22-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാക്കേണ്ടതാണ്.

(5) 1963-ലെ കേരള പൊതുവിൽപ്പന നികുതി ആക്റ്റിലെ തിട്ടപ്പെടുത്തലും ഈടാക്കലും, സംബന്ധിച്ചുള്ള വ്യവസ്ഥകൾ ആവശ്യമുള്ള മാറ്റങ്ങളോടെ ഈ വകുപ്പ് പ്രകാരമുള്ള സെസ്സിൽ ബാധകമാക്കേണ്ടതാണ്.

** ** ** **